കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാങ്ങോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.റ്റി.വി.എം/ജി.പി.14
/1960/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.14 /1960/2024

തീയ്യതി: 23/12/2024

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ. ആർ	ഡെപ്യൂട്ടി ഡയറക്ടർ	04-12-2024	11-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-12-2024	11-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലബീവി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റീന.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.ആർ, ഓഡിറ്റർ
ശ്രീമതി അക്ഷര.ബി.എസ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എം.ഷാഫി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി അജിത കുമാരി.എ.വി	സെക്രട്ടറി	01-04-2023	04-07-2023
ശ്രീ.ആർ.എസ്.മനോജ് കുമാർ	സെക്രട്ടറി	05-07-2023	10-07-2023
ശ്രീ.മണികണ്ഠൻ.ജി	സെക്രട്ടറി	11-07-2023	20-07-2023
ശ്രീ.മിഥുൻ കൈലാസ്	സെക്രട്ടറി	21-07-2023	03-01-2024
ശ്രീ.മണികണ്ഠൻ.ജി	സെക്രട്ടറി	04-01-2024	08-01-2024
ശ്രീ.മിഥുൻ കൈലാസ്	സെക്രട്ടറി	09-01-2024	15-03-2024
ശ്രീ.മണികണ്ഠൻ.ജി	സെക്രട്ടറി	16-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രേമ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	29-09-2023
ശ്രീമതി പ്രഭ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	30-09-2023	31-03-2024

ശ്രീമതി ശ്രുതി.എ.എസ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.ഫെമിന.കെ.എം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ഡോ.രാജീവ്	മെഡിക്കൽ ഓഫീസർ, PHC	01-04-2023	31-03-2024
ഡോ.അനില പീതാംബരൻ	വെറ്റിനറി സർജൻ	01-04-2023	14-10-2023
ഡോ.റാണി ഗോപിനാഥ്	വെറ്റിനറി സർജൻ	15-10-2023	31-03-2024
ശ്രീ.ആർ.എസ്. മനോജ് കുമാർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	10-07-2023
ശ്രീ.മണികണ്ഠൻ.ജി	അസിസ്റ്റന്റ് സെക്രട്ടറി	11-07-2023	31-03-2024
ശ്രീമതി രജിത.റ്റി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 1)	01-04-2023	31-03-2024
ശ്രീ.ബിനു പ്രസാദ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2)	01-04-2023	19-12-2023
ശ്രീമതി സീന.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ 2)	20-12-2023	31-03-2024
ശ്രീമതി ദീപ.ബി.എൽ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ.വിഷ്ണു.ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	17-07-2023
ശ്രീ.ഷംനാദ്.ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	18-07-2023	31-03-2024
ശ്രീ. നൗഷാദ് എ.	ഹെഡ്മാസ്റ്റർ	01-04-2023	31-05-2023
ശ്രീ.ഹാഷിം എ.	ഹെഡ്മാസ്റ്റർ	01-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-3
5	തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ , വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-4
6	ബാങ്കിൽ നിക്ഷേപിച്ച തുകകൾ ക്രെഡിറ്റ് ആയില്ല	1-1-5
7	മൂന്ന് വർഷ കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്ക്, വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല	1-1-6
8	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി	1-1-7
9	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-8
10	ബാങ്ക് ബുക്കിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ്	1-1-9
11	ദുരിതാശ്വാസ നിധി - അക്കൗണ്ട് നീക്കിയിരിപ്പും ബി -2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-10
12	ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-11
13	വരുമാനത്തേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തു	1-1-12
14	ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബിൽ തുകകൾ Capital Work In Progress – B11(b) ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.	1-1-13
15	നിക്ഷേപ പ്രവൃത്തിയ്ക്കായി അനുവദിച്ച തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.	1-1-14
16	ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി.	1-1-15
17	വരവ് തുകകൾ തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി	1-1-16
18	MGNREGS ഭരണ ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല	1-1-17
19	വാർഷിക ധനകാര്യപത്രിക പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ	1-1-18
20	ബജറ്റ്	1-2
21	സാമ്പത്തിക വിശകലനം	1-3
22	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
23	ഗ്രാന്റ് വിനിയോഗം	1-4
24	പദ്ധതി അവലോകനം	1-5
25	സാമൂഹ്യ സുരക്ഷ പെൻഷന് അനുമതി ലഭിച്ചവർക്കും തുക ലഭിക്കുന്നതിന് കാലതാമസം	1-6-1
26	പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല	1-6-2
27	സാമൂഹ്യ സുരക്ഷാ പെൻഷൻ	1-6
28	ക്യാഷ് ബാലൻസ് പരിശോധന	1-7
29	ആഭ്യന്തര നിയന്ത്രണം	1-8
30	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
31	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ	1-10
32	ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല	1-11-1
33	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-11-2
34	റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല	1-11-3
35	ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല	1-11-4
36	യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല	1-11-5
37	ലൈസൻസ് - അപാകങ്ങൾ	1-11
38	പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-12
39	ലേലം-അപാകങ്ങൾ	1-13
40	വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-14
41	രസീത് പരിപാലനത്തിലെ അപാകത	1-15
42	കെട്ടിടനികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ചില്ല	1-16
43	മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-17
44	ജലജീവൻ മിഷൻ- റിസ്റ്റോറേഷൻ തുക ലഭ്യമാക്കേണ്ടതാണ്.	1-18
45	ലൈഫ് പദ്ധതി - ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല	1-19

46	ഗ്രീൻ ഇവൻ മാനേജ്മെന്റ് ഗ്രൂപ്പ്-വാങ്ങിയ സാധനങ്ങൾ യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതാണ്.	1-20
47	തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	1-21
48	പ്രവർത്തികൾക്ക് ഇൻഷ്വറൻസ് പോളിസി എടുത്തിട്ടില്ല- ഫൈൻ ഈടാക്കി അറിയിക്കേണ്ടതാണ്.	1-22
49	'ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ' പ്രോജക്ട് - ഉപകരണം ഉപയോഗപ്രദമാക്കിയില്ല – 7,31,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
50	ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക കൈമാറി. 11,962/- രൂപയുടെ ചെലവ് നിരാകരിക്കുന്നു	1-24
51	ഹരിതഭവനം പദ്ധതി- അപാകം - 8,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-25
52	ഹരിതകർമ്മസേനാ പ്രവർത്തനം	1-26
53	ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകം	1-27
54	സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകം-	1-28
55	വിവിധ കലാകായിക പദ്ധതി- അപാകങ്ങൾ	1-29
56	ഘടക സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ - ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-30
57	GST ബിൽ ഇല്ലാതെ GST ഇനത്തിൽ തുക നൽകി.26,456/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
58	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 3,00,356/- രൂപ തടസ്സപ്പെടുത്തുന്നു	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക കൈമാറി. 11,962/- രൂപയുടെ ചെലവ് നിരാകരിക്കുന്നു	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾ	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/09.12.2024) മറുപടിയായി ഐ.എൽ.ജി.എം.എസ്–ൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.06.2024 തീയതിയിലെ 1(10) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

“Net Decrease In Cash And Cash Equivalence” ആയി രേഖപ്പെടുത്തിയ തുകയും (2173586/-) “Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയ തുകയും (19652388/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. സോഫ്റ്റ്വെയറിലെ പ്രശ്നമാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത് (15/09.12.2024) ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറിൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു(15/09.12.2024) . ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

1-1-4 തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ , വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

2023-24 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം (Head Code- 310900101) Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 31740189/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 28108724.00/- രൂപ ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/09.12.2024) മറുപടിയായി ഐ.എൽ.ജി.എം.എസ്–ൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

1-1-5 ബാങ്കിൽ നിക്ഷേപിച്ച തുകകൾ ക്രെഡിറ്റ് ആയില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Deposited But Not Cleared

ആയി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ബാങ്ക്	വൗച്ചർ നമ്പർ/ തീയതി	ഇൻസ്ട്രമെന്റ് നമ്പർ/ തീയതി	തുക	മറുപടി (15/09.12.2024)	ഓഡിറ്റ് നിർദ്ദേശം
INDIAN OVERSEAS BANK BHARATHANOOR (102501000026514)	1230401075 / 29.07.2023	457283/ 22-07-2023	96000/-	Vomera Huygene എന്ന സ്ഥാപനത്തിന് അധികമായി അനുവദിച്ച തുക തിരികെ നൽകിയ ചെക്ക്. ചെക്ക് മടങ്ങിയതിനാൽ 20000/- രൂപ അക്കൗണ്ടിലേയ്ക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്തു. 76000/- രൂപ തിരികെ ലഭിക്കുന്നതിന് വഞ്ചിയൂർ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തു.	തുക ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
SUB TREASURY, NEDUMANGAD NEDUMANGAD (799013000000976)	12115900041 / 31-03-2022	5438/ 14-07-2021	47,980/-	ലോക്കൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ റസീപ്റ്റ് ചെയ്ത തുകകൾ ആയിരുന്നു. നിലവിൽ ടി സോഫ്റ്റ്‌വെയർ ലഭ്യമല്ലാത്തതിനാലാണ് തുകകൾ Uncashed ആയി നിൽക്കുന്നത്	അപാകം പരിഹരിച്ച് തുക ക്രെഡിറ്റ് ചെയ്ത് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
	1211509000042/ 31-03-2022	553231/ 31-08-2021	15,240/-		
State Bank Of India PANGODE (37376488654)	1220000277/31-03-2023	111/ 31-03-2023	1,960.00	ഇ- പേയ്മെന്റ് അക്കൗണ്ടിൽ വരാതെയും സഞ്ചയ സോഫ്റ്റ്‌വെയറിൽ രസീത് ചെയ്തതുമായ തുക	തുക ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-1-6 മൂന്ന് വർഷ കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്ക്, വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

DISTRICT CO-OPERATIVE BANK DCB, PANGODE (107112804000017) അക്കൗണ്ടിന്റെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്ക് നം. 038688/24-01-2019 പ്രകാരമുള്ള 1000/- രൂപ Cheque Issued But Not Presented Into Bank എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നൽകി മൂന്ന് വർഷ കാലാവധി കഴിഞ്ഞ മേൽ ചെക്ക് വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(15/09.12.2024) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-1-7 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി

Indian Overseas Bank (102501000009541) അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 4030/- രൂപയാണ്. എന്നാൽ Bank Book Balance 207/- ആയി കണക്കാക്കിയാണ് റീകൺസിലേഷൻ ചെയ്തിട്ടുള്ളത്. പാസ്ബുക്ക് ബാലൻസ് 207/- രൂപയാണെന്നും അപാകം 2024-25 സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(15/09.12.2024) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-1-8 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു "ശൂന്യപത്രിക" തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളായ വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Buildings	31.03.2024
110100102	Property Tax On Non Residential Buildings	

110200101	Profession Tax - Institutions

പ്രതിമാസം ഡിമാന്റ് രേഖപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/09.12.2024) മറുപടി ലഭ്യമാക്കി. ചട്ടപ്രകാരം ഡിമാന്റ് എൻട്രി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-9 ബാങ്ക് ബുക്കിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ്

വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

Indian Overseas Bank (102501000009541) – 04.08.2023 **മുതൽ** 30.03.2024 വരെ

INDIAN OVESEAS BANK (102501000025872) – 02.01.2024 **മുതൽ** 30.03.2024 വരെ

ട്രാൻസാക്ഷൻ വളരെ കുറഞ്ഞ അക്കൗണ്ടുകളിൽ വർഷാവസാനം റീകൺസിലേഷൻ നടത്തുന്നതിനാലാണ് അപാകം സംഭവിച്ചതെന്ന് മറുപടി (15/09.12.2024) ലഭ്യമാക്കി. വരവ് തുകകൾ യഥാസമയം രസീത് ചെയ്ത് പ്രതിമാസ റീകൺസിലിയേഷൻ നടത്തി ഭാവിയിൽ അപാകം ഒഴിവാക്കേണ്ടതാണ്.

1-1-10 ദുരിതാശ്വാസ നിധി - അക്കൗണ്ട് നീക്കിയിരിപ്പും ബി -2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ ഹെഡ് കോഡ് 311100101 – Panchayath Distress Relief Fund ന്റെ നീക്കിയിരിപ്പ് 38550/- രൂപയും ഇതിനായുള്ള DISTRICT CO-OPERATIVE BANK 107112804000017 നമ്പർ അക്കൗണ്ടിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 21255/- രൂപയുമാണ്. ഫ്രണ്ട് ഓഫീസിൽ ഡിസ്ട്രസ് ഫണ്ട് അക്കൗണ്ടിൽ രസീത് ചെയ്യുകയും കളക്ഷൻ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയതുമാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചത് (15/09.12.2024). അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-11 ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	**2023-24ബാലൻസ് ഷീറ്റ് (B-4 ഷെഡ്യൂൾ) പ്രകാരം**	**ബാങ്ക് ബുക്ക് പ്രകാരം (B-17 ഷെഡ്യൂൾ)**
CFC	12137061 (Basic – 4153581, Tied - 7983480)	**12319811**
Health Grant Towards Conversion Of PHCs And Subcentres In Health And Wellness Centres	165294	167459
Health Grant Towards Support For Diagnostic Infrastructure To The PHCs	12115	15929

പലിശ Interest From Bank Accounts എന്ന ഹെഡിൽ രസീത് ചെയ്തതിലുള്ള വ്യത്യാസമാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത് (15/09.12.2024). അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-12 വരുമാനത്തേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തു

Income & Expenditure Statement പ്രകാരം വരുമാനത്തേക്കാൾ (218154001) കൂടുതൽ ചെലവ് (221879643) ബുക്ക് ചെയ്തിരിക്കുന്നു. ജനറൽ പർപ്പസ് ഫണ്ടിന്റെ മൂന്ന് ഗഡുക്കൾ ലഭിക്കാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/09.12.2024) മറുപടി ലഭ്യമാക്കി.

1-1-13 ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബിൽ തുകകൾ Capital Work In Progress – B11(b) ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവർത്തികളിൽ പാർട്ട് ബില്ലായി നൽകിയതിൽ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തത്തുല്യമായ തുക Capital Work In Progress – B11(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

പ്രോജക്ട് നം./ പേര്	ചെലവ് തുക	ഫണ്ട്
122/24, എം.സി.എഫ് സൗകര്യങ്ങൾ ഒരുക്കൽ	562636	ധനകാര്യ കമ്മീഷൻ അവാർഡ്
210/24, പാങ്ങോട് മാർക്കറ്റിൽ ദ്രവമാലിന്യ സംസ്കരണം	384004	കേന്ദ്രാവിഷ്കൃത ഫണ്ട്

അസിസ്റ്റന്റ് എഞ്ചിനീയർ വിവരം യഥാസമയം ലഭ്യമാക്കാത്തതാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത് (15/09.12.2024). അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-14 നിക്ഷേപ പ്രവൃത്തിയ്ക്കായി അനുവദിച്ച തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

പ്രോജക്ട് നമ്പർ 126/24, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി 176835/- രൂപ അനുവദിച്ചത് അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്താതെ നേരിട്ട് ചെലവായി രേഖപ്പെടുത്തി. അപാകം ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി (25/11.12.2024) ലഭ്യമാക്കി. അപാകം ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-15 ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി.

ആസ്തി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് നം.76/24 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും ചെലവഴിച്ച 4,06,529/- രൂപ റവന്യൂ ഹെഡിലാണ് (251170104 -Anganwadi Related Services) ചെലവ് ചെയ്തിട്ടുള്ളത്.അപാകം ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി (25/11.12.2024)

ലഭ്യമാക്കി. അപാകം ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-16 വരവ് തുകകൾ തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

ഗ്രാമപഞ്ചായത്തിലെ വിവിധ വരവ് തുകകൾ അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം ഹെഡ് കോഡ് 171100101 Interest From Bank Accounts ഹെഡിൽ രേഖപ്പെടുത്തേണ്ട 3823/- രൂപ ഹെഡ് കോഡ് 140200101 - Penalties And Fines - Penal Interest (രസീത് നം. 1230000261 തീയതി 31.03.2024) എന്ന ഹെഡിൽ ഉൾപ്പെടുത്തി. അപാകം ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് മറുപടി (25/11.12.2024) ലഭ്യമാക്കി.

1-1-17 MGNREGS ഭരണ ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

MGNREGS ഭരണ ചെലവുകൾക്കായി IOB ഭരതന്നൂർ -A/C No. 102501000009541, IOB ഭരതന്നൂർ -A/C No. 102501000026055 എന്നീ രണ്ട് ബാങ്ക് അക്കൗണ്ടുകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളും മേൽ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളും പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തെ MGNREGS ഭരണ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

AFS ഹെഡ് കോഡ് 320100128 – ലെഡ്ജർ പ്രകാരം	AFS ഹെഡ് കോഡ് 256100116 – ലെഡ്ജർ പ്രകാരം	ബാങ്ക് ബുക്കുകൾ പ്രകാരം (രണ്ട് ബാങ്ക് അക്കൗണ്ടുകൾ)
1596321	1606055	1600144.17

ബാങ്ക് ബുക്കുകൾ പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും 5,673/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരം 1850/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (19/10.12.2024). ആയത് രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

1-1-18 വാർഷിക ധനകാര്യപത്രിക പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ

1) 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	തുക
350200119	Recoveries Payable - Covid	152394
350200199	Recoveries Payable – Other Recoveries From Employees	47093
350300108	Government And Other Dues Payable - Royalty	1650
350300111	Government And Other Dues Payable – Flood Cess	3669
350300112	Government And Other Dues Payable – Value Of Court Fee Stamp	1095*
350300199	Government And Other Dues Payable - Others	43153**

* തൻവർഷം ലഭിച്ച 440/- രൂപ ഉൾപ്പെടെ

** തൻവർഷം ലഭിച്ച 303/- രൂപ ഉൾപ്പെടെ

തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേയ്ക്ക് അടവാക്കി അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചു (15/09.12.2024). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) വിവിധ നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	മുന്നിരിപ്പ്	തൻവർഷം നൽകിയ തുക	വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്ന തുക
കേരള വാട്ടർ അതോറിറ്റി	2602249	-	2602249
കെ.എസ്.ഇ.ബി	204135	-	204135
പി.ഡബ്ല്യു.ഡി	310013	-	310013

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂർ തുകകൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു (15/09.12.2024).

3) ഹെഡ്കോഡ് 460500501 Advance To Implenting Officers ഇനത്തിൽ മുൻകൂർ നൽകിയതിൽ 2022-23 വർഷം ക്രമീകരിക്കാൻ അവശേഷിച്ച 21,08,546/- രൂപയും തൻവർഷം നൽകിയ 2,59,800/- രൂപയും ഉൾപ്പെടെയുള്ള 23,68,346/- രൂപ ക്രമീകരിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുകകൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു (15/09.12.2024). കേരള ഫിനാൻഷ്യൻ കോഡ് വാല്യം 1 ആർട്ടിക്കിൾ 99 പ്രകാരം മുൻകൂറുകൾ അനുവദിച്ച് മൂന്ന് മാസത്തിനകം ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ക്രമീകരിക്കാത്ത പക്ഷം 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂറുകൾ യഥാസയം ക്രമീകരിക്കാത്ത പക്ഷം നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	23.03.2023	13.02.2024
ഭരണസമിതി തീരുമാനം	1(1)	2(2)
മുന്നിരിപ്പ്	8915637	22605639
പ്രതീക്ഷിത വരവ്	343770000	234028290
ആകെ	352685637	256633929
പ്രതീക്ഷിത ചെലവ്	348634100	248092883
നീക്കിയിരിപ്പ്	4051537	8541046

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	33389414
വരവ്	75711873
ആകെ	109101287
ചെലവ്	77885459
നീക്കിയിരിപ്പ്	31215828

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നു

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	8268600	4422305	53.4
സേവനം	പൊതുവിഭാഗം	65185824	31713180	48.65
	പട്ടികജാതി	30039953	12110376	40.31
	പട്ടിക വർഗ്ഗം	16595347	3351439	20.2
പശ്ചാത്തലം	പൊതുവിഭാഗം	33839577	12901605	38.13
	പട്ടികജാതി	1039685	178346	17.15

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം (%)
വനിത ഘടക പദ്ധതി	3575060	2019797	56.5
കുട്ടികൾ	1637000	913736	55.82
വൃദ്ധർ	2463850	2182636	88.59
ഭിന്നശേഷിയുള്ളവർ	849500	621538	73.17

വികസന ഫണ്ട് മൂന്നാം ഗഡു ലഭിക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് തൻവർഷം ചെലവ് ശതമാനം കുറയാനിടയായതെന്നും, ബില്ലുകൾ ക്യൂബിൽ ആയതിനാൽ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു.

3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022 ലെ 41/2022/ഫിൻ നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുനസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പൽ കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	തദ്ദേശ സ്ഥാപനം	തുക
1	ജില്ലാ പഞ്ചായത്ത്	723574
2	ബ്ലോക്ക് പഞ്ചായത്ത്	1720121

സംയുക്ത പ്രോജക്ടുകൾക്കുള്ള ജോയിന്റ് അക്കൗണ്ടിൽ യാതൊരു തുകയും അവശേഷിക്കുന്നില്ലായെന്ന് അറിയിച്ചു. ബാലൻസ് ഷീറ്റ് ബി -4 ഷെഡ്യൂളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയുള്ള മേൽതുകകളുടെ നിജസ്ഥിതി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക

320100162	Sarva Siksha Abhiyan	9,059.00
320100181	Total Sanitation Campaign	926,102.00
320100197	Literacy Scheme Grant	313,462.00
320100199	Grant For Keralotsavam	20,000.00
320300199	Grants, Funds & Contributions For Specific Purposes - Other Government Agencies	633,317.00
320400199 *	Grants, Funds & Contributions For Specific Purposes - Other Financial Institutions	28,537.00

* തൻവർഷം ലഭിച്ച 17172/- രൂപ ഉൾപ്പെടെ

റിക്വിസിഷൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുക ചെലഴിക്കാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചു. മേൽ തുകകൾ എന്താവശ്യത്തിനായാണ് ലഭ്യമായതെന്ന് പരിശോധിച്ച് തുക പൂർണ്ണമായും ചെലവഴിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

5) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 909016/- രൂപ മുൻവർഷങ്ങളിലേതാണെന്നും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 02/05.12.2024 ന്റെ മറുപടി)

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	24732137	21057175	3674962
വികസനഫണ്ട് (എസ്.സി.പി)	0	8981997	7388022	1593975
വികസനഫണ്ട് (ടി.എസ്.പി)	0	1335161	1561439	-226278
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	3494000	1487161	2006839
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	4658000	2840323	1817677
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	4882000	4808445	73555
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	9780000	9629195	150805
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	1533144	-1533144
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	6770000	-6770000

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നു.
2)ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി Tied &Untied)മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തത ഗ്രാന്റുകൾക്ക് നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്.
3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും(സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
4)വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.
5)ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ)	ചെലവ് ശതമാനം
കൃഷി ഓഫീസർ	10	10	0	1598600	989399	61.89
വെറ്റിനറി സർജൻ	6	5	1	4120000	2172600	52.73
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	8	8	0	5295938	4334114	81.84
മെഡിക്കൽ ഓഫീസർ -ഹോമിയോ	3	3	0	1400000	1400000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	10	6	4	24861000	7150000	28.76
വില്ലേജ് എക്സ്റ്റൻഷൻ	15	6	9	41949396	11075300	26.4

ഓഫീസർ 2						
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	15	12	3	8861085	6752576	76.2
സെക്രട്ടറി	50	35	15	20528463	10058207	49
അസിസ്റ്റന്റ് എഞ്ചിനീയർ	59	31	28	38417984	16107290	41.93
ഹെഡ് മാസ്റ്റർ	7	5	2	1997000	1298336	65.01
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	2200000	1249806	56.81
അസിസ്റ്റന്റ് സെക്രട്ടറി	15	8	7	3739520	2089623	55.88
	199	130	69			

<u>ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)</u>

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	35278891	21057175	59.69
എസ്.സി.പി.	13224688	7388022	55.87
ടി.എസ്.പി	2850039	1561439	54.79
ധനകാര്യ കമ്മിഷൻ അവാർഡ്	13636572	4327484	31.73
കേന്ദ്രാവിഷ്കൃത ഫണ്ട്	5859130	1533144	26.17
സംസ്ഥാനാവിഷ്കൃത ഫണ്ട്	25845106	6770000	26.19
തനത് ഫണ്ട്	11187753	4766348	42.6
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	8251750	831750	10.08
മറ്റ് ജില്ലാ പഞ്ചായത്ത്	8757058	777556	8.88
മെയിന്റനൻസ് റോഡ്	19367999	9629195	49.72
മെയിന്റനൻസ് റോഡിതരം	9323000	4808445	51.58
മറ്റുള്ളവ	46876595	5805785	12.39

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1പ്രകാരം ആസൂത്രണസമിതി 25.11.2022ലെ 2/1നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2 (ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി)	ചെലവ് ശതമാനം
199	130	69	154968986	64677251	41.74

മാർഗ്ഗരേഖ 3.4.1.8, 8(എ)), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും വായ്പകൾ ഒന്നും ലഭ്യമായിട്ടില്ല.

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് അങ്കണവാടി കെട്ടിടനിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിച്ചില്ല.

<u>1-6-1 സാമൂഹ്യ സുരക്ഷ പെൻഷന് അനുമതി ലഭിച്ചവർക്കും തുക ലഭിക്കുന്നതിന് കാലതാമസം</u>

പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരം ലഭിച്ചതിന് ശേഷവും ഗുണഭോക്താക്കൾക്ക് തുക ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. 04.12.2023 തീയതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരവും 05.12.2023 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും നേടിയെങ്കിലും 31.01.2024 വരെ സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യാത്തതുമൂലം പെൻഷൻ ലഭിക്കാൻ കാലതാമസം നേരിട്ടതിനെ തുടർന്ന് യഥാസമയം പെൻഷൻ അനുവദിക്കാതെ കാലതാമസം വരുത്തുന്നത് ആരാണെന്ന് പരിശോധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ 31/01/2024 ലെ 1(12) നമ്പർ തീരുമാനമായിരുന്നു. 2024 ജനുവരി മാസം മുതൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്ന ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു

പേര്, മേൽവിലാസം	പെൻഷനർ ഐ.ഡി	പെൻഷൻ അനുവദിച്ച മാസം
അബ്ദുൾ വാഹിദ്, മുഹ്സിൻ മൻസിൽ, പാകിസ്ഥാൻമുക്ക്	102510204560	ഫെബ്രുവരി 2024
എം.അയൂബ്, ബ്ലോക്ക് നമ്പർ.841, വട്ടക്കരിക്കകം	102510204561	ഫെബ്രുവരി 2024
സുജാത.എസ്, ബി.എസ്.ഭവൻ, ജവഹർ കോളനി	102510204562	ഫെബ്രുവരി 2024
ദിലീപ്കുമാർ.എൻ, ദൃശ്യ ഭവൻ, പുളിക്കര,ഭരതന്നൂർ	102510204563	ഫെബ്രുവരി 2024
ലോലിത.ജി, സോപാനം, തണ്ണിയം, കല്ലറ	102510204567	ഫെബ്രുവരി 2024
സുഭദ്ര.ജെ, പണയിൽ വീട്, കൊച്ചുടപ്പുപാറ, കരിമൺകോട്	102510204568	ഫെബ്രുവരി 2024
ശ്രീ.ബദറുദ്ദീൻ , ലിബിന മൻസിൽ, വർത്തൂക്കോണം, പഴവിള	102510204559	ഫെബ്രുവരി 2024

പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം , കമ്മിറ്റി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/11.12.2024) മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

1-6-2 പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

2012-ലെ സേവനാവകാശ നിയമ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ കൈപ്പറ്റിയ ശേഷം 40 ദിവസത്തിനുള്ളിൽ അവയിൽ തീർപ്പ് കല്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള സാമൂഹ്യസരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പ് കല്പിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകന്റെ പേര്/ അപേക്ഷാ തീയതി	പെൻഷൻ വിവരം	ക്ഷേമകാര്യ കമ്മിറ്റി അംഗീകരിച്ച തീയതി	ജനറൽ കമ്മിറ്റി അംഗീകരിച്ച തീയതി
1	സുമംഗല, 20/07/2023	കർഷക തൊഴിലാളി ക്ഷേമ പെൻഷൻ	16/11/2023	20/11/2023
2	ഷീജ ബീവി, 12/05/2023	വിധവ പെൻഷൻ	07/07/2023	25/07/2023
3	അബ്ദുൾ കലാം , 16.05.2023	വികലാംഗ പെൻഷൻ	24/07/2023	25/07/2023
4	ശശികല, 04/04/2023	വാർദ്ധക്യകാല പെൻഷൻ	08/06/2023	09/06/2023

പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/11.12.2024) മറുപടി ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-6 സാമൂഹ്യ സുരക്ഷാ പെൻഷൻ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	5351000	448
വിധവ പെൻഷൻ	20821600	2358
വാർദ്ധക്യ കാല പെൻഷൻ	31583000	3388
വികലാംഗ പെൻഷൻ	4962000	390
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	249600	18
വിവാഹധനസഹായം	150000	5

1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2024 തീയതിയിൽ 03.15 PM സമയത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,427/- (പതിനാലായിരത്തി നാന്നൂറ്റി ഇരുപത്തേഴ്)രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1.ഓഫീസ് ഓർഡർ രജിസ്റ്റർ പ്രകാരം ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ജോലികൾ ഓരോ സെക്ഷനും വിഭജിച്ചുനല്കുകയും ചെയ്തിട്ടുണ്ട്.എല്ലാ മാസവും ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുമുണ്ട്.
2. 2022-23 മുതൽ പൌരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.
3. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.
4.ഐ.എസ്.ഒ.സർട്ടീഫിക്കേഷൻ നടപടികൾ പുതിയ കെട്ടിടത്തിൽ പൂർത്തീകരിച്ചിട്ടില്ല.
5.മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
6.ലൈസൻസ് അനുവദിക്കുന്നതുമായും വാടക, തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ ചുമതത്തൽ ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ടും അപാകങ്ങൾ ഉള്ളതായി കാണുന്നു.വാടക കുടിശിക ഈടാക്കാനും തനതുവരുമാനം വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-9 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	297090	1304904	1601994	1596321	5673
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	74096253	74096253	74096253	0
ആകെ	0	75401157	75698247	75692574	5673

ഹെഡ് കോഡ് 320100128 പ്രകാരമുള്ള ചെലവ് തുക 15,96,321/- വാർഷിക ധനപത്രികയിലെ I-14(F) പ്രകാരമുള്ള ഈയിനത്തിലെ ചെലവ് തുകയുമായി (1606055) പൊരുത്തപ്പെടുന്നില്ല. കൂടാതെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (1850) B- 4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി (5673) പൊരുത്തപ്പെടുന്നില്ല. അപാകം ഖ 1-1-17 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച

	തീയതി		തീയതി
പെർഫോമൻസ് ഓഡിറ്റ്	27-05-2022 മുതൽ 30.05.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	01.10.2022.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16-2-2013 മുതൽ 28-2-2013 വരെ	2007-08 മുതൽ 2011-12 വരെ	9-4-2013

1-11-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205 ബി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഇപ്രകാരം തയ്യാറാക്കിയതല്ല. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം വാർഡ് തിരിച്ച് പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു വരുമാനത്തിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിന്റെ കാരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/05.12.2024) ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഹരിതമിത്രം ആപ്പിൽ നിന്നും ശേഖരിച്ചിട്ടുണ്ടെന്നും ആയത് കെട്ടിട നമ്പർ സഹിതമുള്ള വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും മറുപടി നൽകി. ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-11-2 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം 250 സ്ഥാപനങ്ങൾ മാത്രമാണ് 2023-24 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിരിക്കുന്നു/ പുതുതായി എടുത്തിരിക്കുന്നു. എന്നാൽ ഹരിതമിത്രം ആപ്പ് പ്രകാരം താഴെപ്പറയുന്ന എണ്ണം സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നു.

ക്രമ നം.	ഇനം	ഹരിതമിത്രം ആപ്പ് പ്രകാരം
1	കടകൾ	502
2	ഓഡിറ്റോറിയം	3
3	ഹോട്ടൽ	13
4	പൌൾട്രി/ഫിഷ് സ്റ്റാൾ	8
5	സലൂൺ/സ്പാ	10
ആകെ		536

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/05.12.2024) ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഹരിതമിത്രം ആപ്പിൽ നിന്നും ശേഖരിച്ചിട്ടുണ്ടെന്നും കെട്ടിട നമ്പർ സഹിതമുള്ള വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി ലൈസൻസ് എടുക്കാത്തവർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നൽകി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-11-3 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ, റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. അപാകതയുടെ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറി (നം.6/05.12.2024)ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 11 റേഷൻകടകൾക്കും നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് മറുപടി നൽകി. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

1-11-4 ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല

ലൈസൻസിനായുള്ള അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 31.10.2017 ലെ സ.ഉ(പി) നം. 80/2017/ത.സ്വ.ഭ.വ.എസ്. ആർ.ഒ. നം.674/2017 പ്രകാരം ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്ക മുകളിൽ എന്നിങ്ങനെയും സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം വരെ, 10 ലക്ഷം മുതൽ 50 ലക്ഷം വരെ, 50 ലക്ഷം മുതൽ 2 കോടി വരെ, 2 കോടിയ്ക്ക മുകളിൽ സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച്

മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മൂലധന നിക്ഷേപം രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ കൃത്യമായാണോ ഈടാക്കിയതെന്ന് പരിശോധിക്കാനായില്ല. മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/06.12.2024) ക്ക് പുതുതായി ലൈസൻസ് അനുവദിക്കുന്ന സന്ദർഭങ്ങളിൽ മൂലധന നിക്ഷേപം കണക്കാക്കിയാണ് ലൈസൻസ് അനുവദിക്കുന്നതെന്നും മൂലധന നിക്ഷേപം അപേക്ഷാ ഫോമിലും ലൈസൻസ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും മറുപടി നൽകി. തുടർ വർഷങ്ങളിൽ പ്രസ്തുത അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11-5 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

2017 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കേണ്ടതാണ്.

എന്നാൽ ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപേക്ഷകരിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	അപേക്ഷകരുടെ പേരും മേൽവിലാസവും	ലൈസൻസ് നം. , തീയതി	സ്ഥാപനത്തിന്റെ പേര്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട ഫീസ് (രൂപ)
1.	വി. ചന്ദ്രൻ, ശ്രീചിത്ര, പാങ്ങോട്	400224/RPTL20 /GPO/2023/2216(97), 20.05.2023	ചിത്ര സാമിൽ	38 HP	400/-
2.	നജീമുദ്ദീൻ, നഹദ ഹൌസ്, പുലിപ്പാറ, പാങ്ങോട്	400224/RPTL19 /GPO/2023 /2246(155),21-06-2023	എ. കെ.എൻ ഹോളോബ്രിക്സ്	7 HP	100/-
3.	ഷൈനു, ദർപ്പ പണയിൽ വീട്,കുറുമ്പയം	B1/4949/2021	മിഡിൽ ഈസ്റ്റ് എൻജിനീയറിംഗ് വർക്ക്സ്	5 HP	50/-
4	അഷറഫ് എസ്., ഷംനാ മൻസിൽ, പാങ്ങോട്	400224/RPTL20 /GPO/2023/2477(78)	എസ്. എസ് ഫ്ലവർ മിൽ	10 HP	100/-
5	ബാബു സി, തെക്കേടത്ത് JTC 17/1232, ശാസ്ത നഗർ, പാങ്ങോട്	400224/RPTL19 /GPO/2023/4838(216)	ജോയ്സ് ഫ്യൂവൽസ്, ഭരതന്നൂർ	10 HP	100/-
6	താജുദ്ദീൻ എം. എ, അരുഡിയിൽ, പുല്ലംപാറ	400224/RPTL20 /GPO/2023/3483(193)	അരുഡിയിൽ ഫ്ലവർ മിൽ	20 HP	200/-
7	മിനി, ഗിരിനിലയം, ഗാർഡൻേ ഷൻ, ൈമല ട് പി	400224/RPTL20 /GPO/2023/3675(185)	ഗിരി ഹോളോബ്രിക്സ്, ഭരതന്നൂർ	10 HP	100/-
8	സുലൈമാൻ, സുമി മൻസിൽ, കൊടുങ്ങൻഞ്ചേരി, പാങ്ങോട്	400224/RPTL19 /GPO/2023/3043(156)	സുമി ഫ്ലവർ മിൽ	10 HP	100/-
9	അബ്ദുൾ സത്താർ, സബീന മൻസിൽ, പാങ്ങോട്	400224/RPTL20 /GPO/2023/1816(115)	ഷൈജു വുഡ് ഇൻഡസ്ട്രീസ്	44 HP	500/-
10	ഷാജഹാൻ, മദീന മൻസിൽ, പഴവിള, പാങ്ങോട്	400224/RPTL20 /GPO/2023/1871(3)	പഴവിളയിൽ ഫ്ലവർ മിൽ	10 HP	100/-
11	നഹീം എ), വാഴവിള വീട്,പാങ്ങോട്	400224/RPTL20 /GPO/2023/1708(5)	ആമിന റൈസ് & ഫ്ലവർ മിൽ	10 HP	100/-
12	ഷീബ, ശ്രേയസ് നിവാസ്, തൃക്കോവിൽവട്ടം, ഭരതന്നൂർ	400224/RPTL20 /GPO/2023/3103(26)	ശിവ ടയർ വർക്ക്സ്	1.5 HP	50/-

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/06.12.2024) യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുന്ന സംഗതികളിൽ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കേണ്ടതില്ല എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കാതിരുന്നതെന്നും എന്നാൽ 2017 ലെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീസ് ഈടാക്കാം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ലൈസൻസ് അനുവദിക്കുന്ന സാഹചര്യങ്ങളിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

1-11 ലൈസൻസ് - അപാകങ്ങൾ

ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-12 പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഹരിതമിത്രം ആപ്പ് പ്രകാരം ചുവടെപ്പറയുന്ന ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നു. എന്നാൽ സ്വകാര്യ ആശുപത്രി/ സ്വകാര്യ പാരാമെഡിക്കൽ രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക്

രജിസ്ട്രേഷൻ നൽകിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	വാർഡ് നമ്പർ
1	ആശ്വാസ് ഫിസിയോ തെറാപ്പി	2
2	ഒപ്റ്റം ലാബ്സ് & സ്കാൻസ്	2
3	നൂറ ലബോറട്ടറി	3
4	കാരുണ്യ ഹോസ്പിറ്റൽ	8
5	കണ്ണൻ ഡെന്റൽ ക്ലിനിക്ക്	8

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി(നം. 7/05.12.2024)ക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ സ്വകാര്യ ആശുപത്രി/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുയുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 ലേലം-അപാകങ്ങൾ

ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 26/11.12.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല.

1. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ചെല്ലാപ്പച്ച അംഗൻവാടി കെട്ടിടം പൊളിച്ചു നീക്കുന്നതിലേക്കായി 09.06.2023 ന് 10,325/- (ജി.എസ്.റ്റി ഉൾപ്പെടെ) രൂപയ്ക്ക് ശ്രീ.നസീർ, ഗ്രീൻവാലി, താഴെ പാങ്ങോട് എന്നയാൾക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ലേല വിവരങ്ങൾ ഒന്നും തന്നെ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 5000/- രൂപ നിരതദ്രവ്യം കെട്ടിവച്ചതിന്റെ രസീത് നമ്പർ മാത്രമേ ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ലേലത്തുക പൂർണമായും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. ചുവടെ നൽകിയിരിക്കുന്ന ലേല ഇനങ്ങളുടെ തുടർനടപടി വിശദാംശം ലഭ്യമാക്കിയിട്ടില്ല.
എ)പാങ്ങോട് ഗ്രാമപഞ്ചായത്ത് അടപ്പുപാറ വാർഡിലെ കുണ്ടാട് തോടിന്റെ സൈഡിൽ അപകടകരമായി നിൽക്കുന്ന ആഞ്ഞിലിമരം മുറിച്ചു മാറ്റുന്നതിന് വാല്യവേഷൻ എടുത്ത് നൽകുന്നതിനായി സോഷ്യൽ ഫോറസ്ട്രി ഓഫീസർക്ക് കത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 05/04/2023 ന് ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

ബി)പാങ്ങോട് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ചന്തമുക്കിൽ സ്ഥിതിചെയ്യുന്ന 93 -ാം നമ്പർ അങ്കണവാടിയിലെ മതിലിനോട് ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന 3 തേക്ക് മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനും അതോടൊപ്പം പഞ്ചായത്ത് വക വസ്തുവിൽ നിൽക്കുന്ന അപകടാവസ്ഥയിലുള്ള തെങ്ങ് അടിയന്തിരമായി മുറിച്ചുമാറ്റുന്നതിനും സോഷ്യൽ ഫോറസ്ട്രിയിലേക്ക് കത്ത് നൽകുന്നതിന് 15/09/2023 ലെ ഭരണസമിതി യോഗം തീരുമാനിച്ചു.
സി)ഫ്രണ്ട് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയ സാധനസാമഗ്രികൾ ലേലം നടത്തുന്നതിനായി വാല്യുവേഷൻ തയ്യാറാക്കി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുന്നതിന് 20/11/2023 ലെ ഭരണസമിതി യോഗം തീരുമാനിച്ചു.

ഡി)പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 4,6,10 വാർഡുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ പുനർലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ വീണ്ടും ലേലം നടത്തുന്നതിന് 17/02/2024 ലെ ഭരണസമിതി യോഗം തീരുമാനിച്ചു.

മേൽ സൂചിപ്പിച്ച ഭരണസമിതി തീരുമാനങ്ങൾ പ്രകാരമുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) ചുവടെ നൽകിയിരിക്കുന്ന ലേല ഇനങ്ങൾ 2023-24 സാമ്പത്തിക വർഷം ലേലത്തിൽ പോകാതെ നിഷ്ക്രിയ ആസ്തിയായി അവശേഷിച്ചതായി കാണുന്നു.

എ)മൂലപ്പേഴ് ഭാഗത്ത് തോടിന്റെ കരയിൽ നിൽക്കുന്ന പ്ലാവ്

ബി)മൂലപ്പേഴ് ഭാഗത്ത് തോടിന്റെ കരയിൽ നിൽക്കുന്ന ഇലവ്

സി)മൂലപ്പേഴ് ഭാഗത്ത് തോടിന്റെ കരയിൽ നിൽക്കുന്ന റബ്ബർ

ഡി)മാറനാട് ഭാഗത്തെ ആഞ്ഞിലി മരം

വരും വർഷങ്ങളിൽ സമയബന്ധിതമായി ലേലം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി വരുമാനം തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.
4) പാങ്ങോട്, ഭരതന്നൂർ പബ്ലിക് ടോയിലറ്റ് 2023-24 വർഷം ലേലം നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-14 വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

പഞ്ചായത്തിലെ വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/09.12.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല.

1) പാങ്ങോട്, ഭരതന്നൂർ മാർക്കറ്റുകളിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ നൽകിയിരിക്കുന്ന കടമുറികളുടെ വാടക തുക മുൻവർഷത്തെ വാടക തുകയെക്കാൾ കുറവായാണ് നിശ്ചയിച്ചിരിക്കുന്നത്.

ക്രമ നം.	കടമുറി നമ്പർ	2022-23 സാമ്പത്തിക വർഷത്തെ വാടക	2023-24 സാമ്പത്തിക വർഷത്തെ വാടക
1	1 (പാങ്ങോട് മാർക്കറ്റ്)	9724/-	5100/-
2	4 (പാങ്ങോട് മാർക്കറ്റ്)	2400/-	1250/-
3	9 (പാങ്ങോട് മാർക്കറ്റ്)	8295/-	5050/-

4	13 (പാങ്ങോട് മാർക്കറ്റ്)	14,500/-	5050/-
5	15 (പാങ്ങോട് മാർക്കറ്റ്)	4212/-	3100/-
6	7 (ഭരതന്നൂർ മാർക്കറ്റ്)	4479/-	3400/-

വാടക തുകയിൽ 5 ശതമാനം വർദ്ധനവ് വരുത്തന്നതിനു പകരം കുറവായി നിശ്ചയിച്ചതു വഴി തനത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വാടക ഇപ്രകാരം നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പഞ്ചായത്തിന്റെ വാടക ബൈലോ പരിശോധനയ്ക് ലഭ്യമാക്കിയില്ല.അംഗീകൃത ബൈലോ ലഭ്യമാക്കാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ചമയ്ക്കുന്ന നിബന്ധനകളും സർക്കാർ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3) പാങ്ങോട്, ഭരതന്നൂർ മാർക്കറ്റുകളിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ കൊടുത്തിരിക്കുന്ന മുറികളുടെ വാടക പിരിച്ചെടുത്തിട്ടില്ല.

ക്രമ നം.	കടമുറി നമ്പർ	വാടകക്ക് എടുത്ത വ്യക്തി	പ്രതിമാസ വാടക, ജി എസ് ടി	വാടക ഈടാക്കാത്ത മാസങ്ങൾ	ജി എസ് ടി അടക്കം ആകെ അടവാക്കാനുള്ള തുക
1	1 (പാങ്ങോട് മാർക്കറ്റ്)	മുഹമ്മദ്, ബൈത്തന്നൂർ, പുലിപ്പാറ, പാങ്ങോട്	5100/-, 918/-	2023 ഏപ്രിൽ , മെയ്	12,036/-
2	4 (പാങ്ങോട് മാർക്കറ്റ്)	കേരള കാർഷിക കർമ്മസേന	1250/-, 226/-	2023 ഏപ്രിൽ മുതൽ നവംബർ വരെ, 2024 ജനുവരി മുതൽ മാർച്ച് വരെ	16,236/-
3	5 (പാങ്ങോട് മാർക്കറ്റ്)	മുഹമ്മദ് ഷിബിൻ	1350/-,243/-	2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ	19,116/-
4	12 (പാങ്ങോട് മാർക്കറ്റ്)	ഓമന	7370/-, 1326/-	2023 മെയ് മുതൽ 2024 മാർച്ച് വരെ	95,656/-
5	16 (പാങ്ങോട് മാർക്കറ്റ്)	നിസാമുദ്ദീൻ	11,000/-, 1980/-	2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ	1,55,760/-
6	1 (ഭരതന്നൂർ മാർക്കറ്റ്)	മധുസൂധനൻ	3150/-, 568/-	2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ	44,616/-
7	8 (ഭരതന്നൂർ മാർക്കറ്റ്)	ദിലീപ്	2650/-, 477/-	2023 ഏപ്രിൽ മുതൽ ജൂലൈ വരെ	12,508/-
8	9 (ഭരതന്നൂർ മാർക്കറ്റ്)	സജിതകുമാരി	2567/-,462/-	2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ	36,348/-

വാടകയിനത്തിലെ കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 രസീത് പരിപാലനത്തിലെ അപാകത

രസീത് ബുക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുത്തലുകൾ വരുന്ന രസീത് പേജുകൾ ക്യാൻസൽ ചെയ്ത് കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ: പേജ് 38-42 (ബുക്ക് നം. 1410), പേജ് 100(ബുക്ക് നം. 1410), പേജ് 29(ബുക്ക് നം. 1418)

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 336 പ്രകാരം തിരുത്തൽ വരുത്തുന്നത് അത്യാവശ്യമാണെങ്കിൽ തെറ്റായ രേഖപ്പെടുത്തൽ ചുവന്ന മഷി കൊണ്ട് ക്യാൻസൽ ചെയ്യേണ്ടതും കൃത്യമായ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. തിരുത്തലുകൾ വരുത്തിയാൽ ഓഫീസ് മേധാവി തീയതി രേഖപ്പെടുത്തി ഒപ്പുവച്ച് ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. വർഷാവസാനം ഉപയോഗശൂന്യമായ രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ: രസീത് ബുക്ക് നം. 1427, 1428

അപാകത സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.33/11.12.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ ഒഴിവാക്കി തുടർ വർഷങ്ങളിൽ രസീത് ബുക്ക് പരിപാലനത്തിൽ അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-16 കെട്ടിടനികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ചില്ല

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 15-09-2023 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ തീരുമാന പ്രകാരം 25.10.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 25.10.2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

ക്രമ	കെട്ടിട	തറ	സഞ്ചയ	സഞ്ചയയിൽ	സഞ്ചയയിൽ നിർണ്ണയിക്കേണ്ടത്

നം.	നമ്പർ	വിസ്തീർണ്ണം (ച.മീ)	യിൽ സൈൻ ചെയ്തത്	നിർണ്ണയിച്ചത്			
				ഉപയോഗക്രമം	നിരക്ക്	ഉപയോഗക്രമം	നിരക്ക്
1	3/481 A	213	24/05/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
2	18/217 A	187.02	24/05/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
3	17/109 D	127.69	27/04/02023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
4	4/292 A	149.99	20/06/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
5	4/190 A	125.36	09/06/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8

ചില കെട്ടിടങ്ങൾ അന്തിമ വിജ്ഞാപനത്തിന് ശേഷം സൈൻ ചെയ്തതാണെങ്കിലും പുതിയ നിരക്കിലല്ല വസ്തുനികുതി നിർണ്ണയിച്ചത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ സൈൻ ചെയ്തത്	സഞ്ചയയിൽ നിർണ്ണയിച്ചത്		സഞ്ചയയിൽ നിർണ്ണയിക്കേണ്ടത്	
				ഉപയോഗക്രമം	നിരക്ക്	ഉപയോഗക്രമം	നിരക്ക്
1	3/356 A	124.73	26/12/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
2	19/360 C	146.3	08/11/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
3	6/460 A	156.47	26/10/2023	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8
4	5/82 B	222.7	16/03/2024	പാർപ്പിടാവശ്യം	4	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ(300ച.മീ വരെ)	8

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (30/11.12.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

കെട്ടിട നം	ഉടമ/സ്ഥാപനം	കുടിശ്ശിക	കാലയളവ്
3/975	മാനേജർ, എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്	46,226/-	2017 ഒന്നാം അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ

ഇതു സംബന്ധിച്ച് 11.12.2024-ൽ നൽകിയ 28 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കന്നതിന് സത്വര നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-18 ജലജീവൻ മിഷൻ- റിസ്റ്റോറേഷൻ തുക ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചുമാറ്റിയ റോഡുകൾ റിസ്റ്റോർ ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിക്ക് 2,00,00,000/- രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് നല്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും 25,91,846/- രൂപ 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.14/11.12.24 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.അതിൽ 12,00,000 രൂപ വകയിരുത്തി റോഡ് മെയിന്റനൻസ് നടത്തിയതായും അറിയിച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനും, വാട്ടർ അതോറിറ്റി പൊളിച്ചുമാറ്റിയ റോഡുകൾ റിസ്റ്റോർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-19 ലൈഫ് പദ്ധതി - ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതും കരാർ കാലാവധി കഴിഞ്ഞും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് ചുവടെ

ചേർക്കും വിധം മറുപടി ലഭ്യാക്കിയിട്ടുണ്ട്

ഗുണഭോക്താവിന്റെ പേര്	വിഭാഗം	കരാർ തീയതി	നാളിതുവരെ കൈപ്പറ്റിയ തുക	നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി	നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം	സ്വീകരിച്ച നടപടി
യമുന	SC	18-3-2021	300000	ലിന്റൽ	സാമ്പത്തിക ബുദ്ധിമുട്ട്. ലോൺ ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കും	ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണമെന്നറിയിച്ച് കത്ത് നൽകി
സരള	SC	26-10-2021	305000	ലിന്റൽ	സാമ്പത്തിക ബുദ്ധിമുട്ട്. ലോൺ ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കും	ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണമെന്നറിയിച്ച് കത്ത് നൽകി
സിന്ധു	Sc	12-10-2021	200000	അടിസ്ഥാനം	സാമ്പത്തിക ബുദ്ധിമുട്ട്	-
യശ്പാൽ / ബീന	SC	29/11/2021	300000	ലിന്റൽ	സാമ്പത്തിക ബുദ്ധിമുട്ട്	-
ബിന്ദു	SC	5/11/2020	40000	ആരംഭിച്ചില്ല	--	റവന്യൂ റിക്കവറി നടപടികൾക്കായി കത്തയച്ചു
ഗീത	SC	21-12-2021	40000	ആരംഭിച്ചില്ല	--	റവന്യൂ റിക്കവറി നടപടികൾക്കായി കത്തയച്ചു
ജയമോൾ	ST	17-03-2021	520000	റൂഫ്	ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കും	-
ജിഷ്ണു രഞ്ചൻ	ST	18-03-2021	300000	ലിന്റൽ	ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കും	-
സുധിന	ST	22 - 6-2023	90000	ആരംഭിച്ചില്ല	സാമ്പത്തിക ബുദ്ധിമുട്ട്. ലോൺ ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കും	ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണമെന്നറിയിച്ച് കത്ത് നൽകി
ശകുന്തള	Sc	26-3-2022	40000	ആരംഭിച്ചില്ല	സ്വന്തമായി ചെയ്യാനുള്ള സാമ്പത്തിക ശേഷി ഇല്ല എന്നറിയിച്ചു.	ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കണമെന്നറിയിച്ച് കത്ത് നൽകി
നാസില	ജനറൽ	21-7-2022	200000	ലിന്റൽ	കുറച്ച് നാൾ സ്ഥലത്ത് ഇല്ലാതിരുന്നതിനാലാണ് പണി മുടങ്ങിയത്. ഇപ്പോൾ പണി ആരംഭിച്ചിട്ടുണ്ട്	നേരിട്ടും കത്ത് മുഖേനയും നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്
സാബു S	ജനറൽ	15-11-2022	200000	അടിസ്ഥാനം	സാമ്പത്തിക പ്രശ്നം . ഉടൻ പുനരാരംഭിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.	നേരിട്ടും കത്ത് മുഖേനയും നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്
രജിത S S	ജനറൽ	21-8-2023	200000	അടിസ്ഥാനം	ചികിത്സയുമായി ബന്ധപ്പെട്ട് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്	നേരിട്ടും കത്ത് മുഖേനയും നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്
മഹേശ്വരി കെ	ജനറൽ	14-8-2023	200000	അടിസ്ഥാനം	പണി പുനരാരംഭിച്ചിട്ടുണ്ട്.	നേരിട്ടും കത്ത് മുഖേനയും നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്

ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയിട്ടും ആയത് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ ഭരണതലത്തിൽ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം 27/2023-24)

1-20 ഗ്രീൻ ഇവൻ മാനേജ്മെന്റ് ഗ്രൂപ്പ്-വാങ്ങിയ സാധനങ്ങൾ യഥാവിധി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതാണ്.

പദ്ധതിയുടെ പേര്	ഗ്രാമപഞ്ചായത്ത് ഗ്രീൻ ഇവൻ മാനേജ്മെന്റ് ഗ്രൂപ്പ്
പദ്ധതിയുടെ നം.	201/2023-24
പദ്ധതി അടങ്കൽ	1,00,000/- (തനത് ഫണ്ട് – 50000,ഹരിത കർമ്മസേന കൺസോർഷ്യം ഫണ്ട് – 50000)
പദ്ധതി ചെലവ്	98,128/-
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി ഹരിത കർമ്മ സേന അംഗങ്ങളെ ഉപയോഗിച്ച് പഞ്ചായത്തിലെ 19 വാർഡുകളിൽ സ്റ്റീൽ ഗ്ലാസ്, പ്ലെയിറ്റ് എന്നിവ ലഭ്യമാക്കി ഇവന്റ് മാനേജ്മെന്റുകൾക്ക് വാടകയ്ക്ക് നല്കിവിതരണം ചെയ്ത് ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി ഉപയോഗിക്കുന്നതിനാണ് പ്രോജക്ട്. അതിനായി ഹരിതകർമ്മ സേനയുടെ കൺസോർഷ്യം അക്കൗണ്ടിൽ നിന്നും 50,000/- രൂപയും തനത് ഫണ്ടിൽ നിന്നും 50,000/- രൂപയും വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. സ്റ്റീൽ ഗ്ലാസ്, പ്ലെയിറ്റ് എന്നിവ ലഭ്യമാക്കുന്നതിന് അസി.സെക്രട്ടറി ടെണ്ടർ ക്ഷണിക്കുകയും 98,128/- രൂപ ചെലവഴിച്ച് SRT, Metal Marts ,Chalai എന്ന സ്ഥാപനത്തിൽ നിന്നും 400 വിതം സ്റ്റീൽ ഗ്ലാസുകളും പ്ലെയിറ്റുകളും, മറ്റ് സാധനങ്ങളും ലഭ്യമാക്കുകയും ചെയ്തിരുന്നു. അവ സ്റ്റോക്കിലെടുത്ത് ഹരിതകർമ്മസേനയ്ക്ക് യഥാസമയം നൽകിയിട്ടുണ്ട്. സാധനങ്ങളുടെ വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച് ഹരിതകർമ്മസേനയുമായി നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്നും 2025 മുതൽ കരാറിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഇനങ്ങളുടെ വാടക വരവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5 ന് ലഭ്യമായ മറുപടിയിൽ വാടക ഇനത്തിൽ ലഭിക്കുന്ന തുകയുടെ 25% ഓർഡർ ശേഖരിക്കുന്ന വാർഡിലെ ഹരിതകർമ്മസേനയ്ക്കും 25% കൺസോർഷ്യം ഫണ്ടിലേയ്ക്കും 50% തുമ്പൂർമൂഴി ജീവനക്കാർക്കും നല്കി വരുന്നതായാണ് അറിയിച്ചിട്ടുള്ളത്. മേൽ ഇനങ്ങളുടെ ഉപയോഗം സംബന്ധിച്ച് കരാർ ചമയ്ക്കേണ്ടതും ലഭിക്കുന്ന തുകയുടെ എത്ര ശതമാനമാണ് ഹരിതകർമ്മസേനയ്ക്ക് എന്ന് വ്യക്തമായി കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് തുടർ പരിശോധന നടത്തേണ്ടതും സാധനങ്ങൾ യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-21 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2023-24 സാമ്പത്തിക വർഷം സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം.	പദ്ധതി	ചെലവ് തുക
1	172/24 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ	107360
2	15/24 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ	390250

ശ്രീ. നാസർ - വാസ്തുശാസ്ത്രാ ബിൽഡേഴ്സ് ആണ് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിയ്ക്കുന്നുണ്ടോ, ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിന് വേണ്ട നടപടികൾ പഞ്ചായത്തിൽ സ്വീകരിയ്ക്കുന്നുണ്ടോ എന്നുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.31/11-12-2024 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല

2)പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 31/ 11-12-2024 വഴി ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ, കെ.എസ്.ഇ.ബി. അധികൃതരുമായി സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശം ഓഡിറ്റ് എൻക്വയറി നം.31/11-12-2024 വഴി ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. കൂടാതെ മെയിന്റനൻസ് വർക്കുകൾ KSEB ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടത്തിയിട്ടുള്ളതെങ്കിൽ ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല

4. രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല

5. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 7-11 -2017 ലെ 177/ഡി.എ3/2016- തസ്വഭവ നമ്പർ സർക്കുലറിൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യമാണെന്നും AMC യിൽ പ്രവൃത്തി പൂർത്തീകരിച്ച തുകയ്ക്കുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ 10 ശതമാനം റീട്ടെൻഷൻ കഴിച്ചുള്ള തുക അനുവദിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെയും ബിൽ തുകയിൽ നിന്നും റീട്ടൻഷൻ തുക കിഴിവ് ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപെട്ട തെരുവ് വിളക്ക് പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതുമാണ്.

1-22 പ്രവർത്തികൾക്ക് ഇൻഷ്വറൻസ് പോളിസി എടുത്തിട്ടില്ല- ഫൈൻ ഈടാക്കി അറിയിക്കേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഗ്രാമ പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവൃത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല. ഇൻഷുറൻസ് എടുക്കാത്തവർ നടപ്പാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഫൈൻ കുറവു ചെയ്തതായും കാണുന്നില്ല. തൻമൂലം കരാറുകാർക്ക് അധിക തുക നല്കാനിടയായി. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	കരാർ തുക
1	(So155/24) കരിങ്ങട കലിംഗ് നിർമ്മാണവും ഓട നിർമ്മാണവും	വിനോദ്.ഒ.നായർ	819626.19
2	അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം (156/24) (S0079/24)	ജയപ്രസാദ്	1573920.00
3	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് ചുറ്റുമതിൽ ഉയരം കൂട്ടൽ (158/24)	രാജേഷ് കുമാർ	253980.00
4	പൂലോട്-അയിരൂർ റോഡ് റീകോൺക്രീറ്റിംഗ് (159/24)	ജയപ്രസാദ്.	4231400.00

5	കൊച്ചാലും മൂട് പാങ്ങോട് റോഡ് റീടാറിംഗ്, സൈഡ് കോൺക്രീറ്റ് (161/24)	ജസീം.ജെ.എസ്.	927140.00
6	കക്കോട്ടുകുന്ന് റോഡ് കലുങ്ക് നിർമ്മാണം (162/24)	ജയപ്രസാദ്	496470.00
7	വലിയവേങ്കാട് കോളനി നടപ്പാത നിർമ്മാണം	ജയപ്രസാദ്	160750.00
8	ലെനിൻകുന്ന് അംഗൻവാടി തടം കലുങ്ക് നിർമ്മാണം	സജി .എ)	320501.00
9	പി.എച്ച്.സി. കെട്ടിടം റൂഫിംഗ് അനുബന്ധ വികസനവും	ഷിയാസ് .എ)	624159.00
10	പി.എച്ച്.സി. യിൽ ഭിന്നശേഷി സൗഹൃദ ടോയ്ലെറ്റ്	വിപിൻ	169462.00
11	മൂന്ന്മുക്ക് മൂലപ്പേഴ് റോഡ് റീ ടാറിംഗ് സൈഡ് കോൺക്രീറ്റിംഗ് ഓട നിർമ്മാണം – വാർഡ് – 6	സജി .എ)	1267169.00

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/06.12.2024) മറുപടിയായി മേൽ പ്രവർത്തികൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടില്ലെന്നും നിയമാനുസൃതമുള്ള ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾക്ക് ഇൻഷുറൻസ് പോളിസികൾ എടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിയമാനുസൃതം ഇൻഷുറൻസ് പോളിസികൾ എടുത്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-23 'ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ' പ്രോജക്ട് - ഉപകരണം ഉപയോഗപ്രദമാക്കിയില്ല – 7,31,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	S0217/24
പ്രോജക്ടിന്റെ പേര്	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ	14,80,000/-(9,80,000/- ഹെൽത്ത് ഗ്രാന്റ്, 5,00,000/- തനത് ഫണ്ട്)
ചെലവ്	10,30,194/- (9,80,000/- ഹെൽത്ത് ഗ്രാന്റ്, 50,194/- തനത് ഫണ്ട്)
ബിൽനമ്പർ (എ).സി.ആർ പ്രകാരം)	390/16.02.2024 തുക 9,296/- 406/04.03.2024 തുക 70,422/- 438/14.03.2024 തുക 28,654/- 439/14.03.2024 തുക 49,590/- 466/23.03.2024 തുക 7,31,600/- 468/23.03.2024 തുക 34,220/- 585/30.03.2024 തുക 50,412/- 588/30.03.2024 തുക 5,806/- 589/30.03.2024 തുക 50,194/- (തനത് ഫണ്ട്)
നിർവ്വഹണം	മെഡിക്കൽ ഓഫീസർ, പി എച്ച് സി

പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1. മേൽ പ്രോജക്ട് പ്രകാരം ശിവ മെഡിക്കൽ സർവീസസ് എന്ന സ്ഥാപനത്തിൽ നിന്നും 7,31,600/- രൂപ ചെലവഴിച്ച് (ബിൽ നമ്പർ 466/23.03.2024) Min_CL900i_CLIA Immuno Assay Analyser എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. 01.05.2024 ന് ഉപകരണം സ്റ്റോക്കിലെടുത്തിട്ടുണ്ട്. 10.12.2024 ന് നടത്തിയ സ്ഥലപരിശോധനയിൽ 7 മാസങ്ങൾക്കു മുൻപ് ലഭ്യമാക്കിയ പ്രസ്തുത അനലൈസർ ഇതുവരെയും ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടില്ലാത്തതായി കണ്ടെത്തി.

2. പ്രസ്തുത അനലൈസറിന്റെ വാറന്റി വിവരങ്ങൾ ലഭ്യമാക്കിയില്ല.

3. 2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 21, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs- ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടിയ കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ ശിവ മെഡിക്കൽ സർവീസസ് ന് തുക ഒടുക്കിയപ്പോൾ ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

മുകളിൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതും അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത ഉപകരണം ഇൻസ്റ്റാൾ ചെയ്ത് ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കുംവരെ ചെലവ് തുക 7,31,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 20/10.12.2024)

1-24 ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക കൈമാറി. 11,962/- രൂപയുടെ ചെലവ്

നിരാകരിക്കുന്നു

പദ്ധതി നം.	3/24
പ്രൊജക്ടിന്റെ പേര്	പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	2,50,000/- വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം
ചെലവ്	1,94,599/-
ബിൽ നം /തുക	2/08-05-2023-23275 18/31-05-2023-58100 84/21-08-2023- 16275 348/20-01-2024-16275 460/21-03-2024-43212 461/21-03-2024-37462

2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്ന പദ്ധതി വഴി ആകെ 1,94,599/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് 21-10-2023 ലെ കേരള കൗമുദി പത്രത്തിൽ ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ 11,962/- രൂപ 21/10/2023 ലെ BLTVM00412378 നമ്പർ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ പത്രത്തിന് ബിൽ നം.348/20-01-2024 വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 461/21-03-2024 എന്ന ബിൽ വഴി വീണ്ടും തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു. ഒരേ പത്രത്തിന്റെ കോപ്പികളാണ് രണ്ട് ബില്ലിനൊപ്പവും സൂക്ഷിച്ചിരിക്കുന്നത്.
(BRN 23020352018401100529 Dt 20-1-2024, BRN 23020352018401429676 Dt. 21-3-2024) ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക നൽകിയത് കാരണം 11,962/- രൂപ അധികമായി കേരള കൗമുദിക്ക് കൈമാറിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 18 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അധികമായി കേരള കൗമുദി പത്രത്തിന് നൽകിയിരിക്കുന്ന തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 ഹരിതഭവനം പദ്ധതി- അപാകം - 8,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	SOO 97/24
പ്രോജക്ടിന്റെ പേര്	ഹരിതഭവനം
അടങ്കൽ	70,000/- വികസന ഫണ്ട് ജനറൽ 70,000/- ജില്ലാ പഞ്ചായത്ത് വിഹിതം 39,410/- മറ്റുള്ളവ
ചെലവ്	28,000/- വികസന ഫണ്ട് ജനറൽ 56,000/- ജില്ലാ പഞ്ചായത്ത് വിഹിതം 9,660/- മറ്റുള്ളവ
ബിൽ നമ്പർ	23020352011501116662/25-01-2024 -28000 23020352011501116676/25-01-2024-28000 23020352011501306465//02-03-2024-28000 07.03.2024- 7728 (**Cheque , No : 826175 , Dt. 15-03-2024)** 24.03.2024 - 1932-(**Cheque , No : 826183 , Dt. 26-03-2024)**
നിർവ്വഹണം	കൃഷി ഓഫീസർ

ജല സംരക്ഷണം, മാലിന്യ നിർമാർജ്ജനം, സുസ്ഥിര ജൈവ സംയോജിത കൃഷി എന്നിവ ലക്ഷ്യമിട്ട് കിണർ റീചാർജ്ജിങ്, ബയോബിൻ, കോഴിയും കൂടും, പോഷകത്തോട്ടം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 10 കുടുംബങ്ങൾക്കായി വിഭാവനം ചെയ്ത പദ്ധതിയാണ് ഹരിത ഭവനം. കിണർ റീചാർജിങ്, കോഴിയും കൂടും, ഫലവൃക്ഷ തൈകൾ എന്നിവയ്ക്ക് ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നു. എ.ഇ യുടെ മൂല്യ നിർണയത്തിന്റെ അടിസ്ഥാനത്തിൽ കിണർ റീചാർജിങിന് സബ്സിഡി അനുവദിക്കുന്നു. കിണർ റീചാർജ്ജിങിന് ഒരു യൂണിറ്റിന് 7000/- രൂപയാണ് സബ്സിഡി അനുവദിക്കുന്നത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി പ്രകാരം ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് കിണർ റീചാർജിങിന് 7000 രൂപ വീതം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വൗച്ചറായി ശ്രീമതി രഞ്ജിനി വട്ടക്കരിക്കകം എന്ന ഗുണഭോക്താവും രാഹി ചന്ദ്രൻ എന്ന ഗുണഭോക്താവും ഹാജരാക്കിയിരിക്കുന്നത് OASIS ENTERPRISES എന്ന സ്ഥാപനത്തിന്റെ 3690/23.10.2023 നം ഇൻവോയിസാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നം	അനുവദിച്ച തുക	ഇൻവോയിസ് നം / തുക	ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച സബ്സിഡി തുക
1	Renjini	102501000023225	7000	3690/23.10.2023-4270.95	4000
2	Rahi Chandran	40340101103571	7000	3690/23.10.2023-4498.94	4000

ബില്ലിന്റെ ആധികാരികത പരിശോധിച്ചും ഗുണഭോക്താക്കൾ കിണർ റീചാർജിങ് എന്ന പ്രവൃത്തി നിർവഹിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 9/2023-24 , 06.12.2024) സ്ഥാപനത്തിലെ ബില്ലിങ് തൊഴിലാളിയുടെ പരിചയക്കുറവ് കാരണം സംഭവിച്ചതാണെന്നും മേലിൽ തെറ്റ് വരാതെ ശ്രദ്ധിക്കാം എന്നും OASIS ENTERPRISES എന്ന സ്ഥാപനം മറുപടിലഭ്യമാക്കിയ വിവരം കത്തിന്റെ പകർപ്പ് സഹിതം അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ കിണർ റീചാർജിങ് ചെയ്തിട്ടുണ്ടെന്ന് കൃഷി ഉദ്യോഗസ്ഥർ കണ്ട് ബോദ്ധ്യപ്പെട്ടതാണെന്നും അറിയിച്ചു. റീചാർജിങ് ചെയ്ത ഫോട്ടോയും ലഭ്യമാക്കി.

ഒരേ ഇൻവോയിസ് നമ്പറിൽ രണ്ട് ബില്ലുകൾ ജനറേറ്റ് ചെയ്യുവാൻ സാധിക്കുകയില്ലാ എന്നതിനാൽ സ്ഥാപനത്തിന്റെ

മേൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ചെലവിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകളുടെ അഭാവത്തിൽ ടി രണ്ട് ഗുണഭോക്താക്കൾക്ക് മേൽ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തുകയായ 8000/- രൂപ (4000+4000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഗുണഭോക്താക്കൾ ഹാജരാക്കുന്ന ബില്ലുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പിച്ചതിന് ശേഷം മാത്രം ആനുകൂല്യം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവിനാധാരമായ കൃത്യമായ ക്യാഷ് ബില്ലുകൾ / ഇൻവോയിസുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

1-26 ഹരിതകർമ്മസേനാ പ്രവർത്തനം

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ , 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻറ്ലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ്(മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണം/ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എൻക്വയറി നം. 1 ന് ചുവടെ പറയുന്ന പ്രകാരം സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഖരമാലിന്യ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ

2016 -ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി, 20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന നടപടികൾ സ്ഥാപനം സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

A) ശുചിത്വ മിഷൻ കലണ്ടർ പ്രകാരം എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടക്കുന്നുണ്ട്

B) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോ കമ്പോസ്റ്റർ ബിന്നുകൾ, ബാസ്കറ്റുകൾ, ചാക്കുകൾ എന്നിവ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

C) 19 വാർഡുകളിലായി 21 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് മാർക്കറ്റിൽ എം. സി.എഫും സ്ഥാപിച്ചിട്ടുണ്ട്.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോ കമ്പോസ്റ്റർ ബിന്നുകൾ, ബാസ്കറ്റുകൾ, ചാക്കുകൾ എന്നിവ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

ബയോമെഡിക്കൽ മാലിന്യം 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD ഉത്തരവ് പ്രകാരം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മ സേന വഴി നടപടി സ്വീകരിച്ചിട്ടില്ലെന്നും ബയോ മെഡിക്കൽ മാലിന്യം ഇമേജിന് ആശുപത്രികളിൽ നിന്നും കൈമാറി വരുന്നതായും മറുപടി അറിയിച്ചു. സാനിട്ടറി പാഡുകൾ സംസ്ക്കരിക്കുന്നതിനായി 2 ഇൻസിനറേറ്ററുകൾ ഭരതന്നൂർ ഹയർ സെക്കൻററി സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ബോധവത്കരണം, പ്രചാരണം

2016 -ലെ ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട് എന്നു മറുപടി നൽകിയെങ്കിലും നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്{ സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}.

മാലിന്യ ചട്ടങ്ങളുടെ ലംഘനം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതായി മറുപടി അറിയിച്ചെങ്കിലും മാലിന്യ ചട്ടങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്ക് / വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്നുമുള്ള ചോദ്യങ്ങൾക്ക് അനധികൃത മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പിഴ ഈടാക്കിയിട്ടില്ല എന്നും അറിയിച്ചു. ചട്ടലംഘനം നടത്തുന്നവർക്കെതിരെ കൃത്യമായ നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ

26.04.2023 ലെ G.O. (Rt) No. 922/2023/LSGD ഉത്തരവ് പ്രകാരം പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചു. മാലിന്യമുക്ത നവകേരളം പരിപാടിയുടെ ഭാഗമായും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുമാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്

മാലിന്യ സംസ്കരണം മറ്റ് പ്രവർത്തനങ്ങൾ

2023-24 വർഷത്തിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് എത്ര പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടെന്നും ഓഫീസ് മുറി, ടോയ്ലറ്റ് എന്നീ സൗകര്യങ്ങൾ എം.സി.എഫിൽ ഒരുക്കിയിട്ടുണ്ടെന്നും മറുപടി നൽകി.

42 ഹരിത കർമ്മസേനാംഗങ്ങൾക്ക് 10,000/- രൂപ ശരാശരി പ്രതിമാസ വരുമാനം എന്നത് ഉറപ്പ് വരുത്തിയിട്ടില്ല. യൂസർ ഫീ കളക്ഷൻ പരമാവധി വർദ്ധിപ്പിക്കുന്നതിലേക്കായി ഫ്രണ്ട് ഓഫീസിലെ സേവനങ്ങൾക്ക് യൂസർ ഫീ കാർഡ് നിർബന്ധം ആക്കിയതായും അറിയിച്ചു.

പാഴ് വസ്തു ശേഖരണത്തിൽ ശുചിത്വമിഷൻ കലണ്ടർ പ്രകാരം പ്ലാസ്റ്റിക് ഇതര വസ്തുക്കളുടെ ശേഖരണം ഉറപ്പാക്കിയിട്ടുണ്ട് . ശുചിത്വമിഷൻ കലണ്ടർ പ്രകാരം തുണി, ചെരുപ്പ്, ബാഗ്, ചില്ല്, ലെതർ തുടങ്ങിയ തരം ശേഖരിക്കുന്നുണ്ടെന്നും അറിയിച്ചു. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടില്ല. പൊതു ജൈവമാലിന്യ

സംസ്കരണത്തിനായി 2 മാർക്കറ്റുകൾ, ഭരതന്നൂർ ഗവ. ഹയർ സെക്കൻററി സ്കൂൾ, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ തുമ്പൂർമൂഴി സ്ഥാപിച്ചിട്ടുണ്ട്.. MCF കളിൽ ബെയ്ലിംഗ് മെഷീൻ പദ്ധതി പ്രകാരം ഓർഡർ നൽകിയിട്ടുണ്ടെന്നും സോർട്ടിംഗ് ടേബിൾ നിലവിലുണ്ടെന്നും കൺവേയർ ബെൽറ്റ് സ്ഥാപിക്കുന്നില്ല എന്നും അറിയിച്ചു. കൂടാതെ നിലവിൽ ലഭ്യമാകുന്ന മാലിന്യത്തിൻറെ അളവിൻറെ അടിസ്ഥാനത്തിൽ എം.സി എഫിന് പര്യാപ്തമായ വിസ്തൃതി ഉണ്ടെന്നും അറിയിച്ചു

31-03-2023 ലെ സ.ഉ (സാധാ)നം. 789/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഹരിത കർമ്മസേനയ്ക്ക് യൂസർഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കെട്ടിട നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

26.05.2023 ലെ സ.ഉ. (സാധാ) നം. 1109/2023/LSGD പ്രകാരം ഹരിത ഓഡിറ്റിംഗ് നടത്തി വരുന്നതായും അറിയിച്ചു.

ഖരമാലിന്യ സംസ്ക്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ

1	പഞ്ചായത്തിലെ ആകെ ജനസംഖ്യ	29039
2	വാസഗൃഹങ്ങളുടെ എണ്ണം	7607
3	സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ)	700
4	പൊതു ചന്തകളുടെ എണ്ണം	2
5	ഓഡിറ്റോറിയങ്ങളുടെ എണ്ണം	3
6	ആകെ വാർഡുകളുടെ എണ്ണം	19
7	ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം	36
8	പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം	വേസ്റ്റ് സൊല്യൂഷൻസ് മാനേജ്മെന്റ്
9	ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	90200 Kg
10	കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ്	47200 Kg
11	തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	43000 Kg
12	ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	34,25,600/- രൂപ
13	ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	-
14	മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	19500
15	ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക	ഗ്യാപ്പ് ഫണ്ട് ഇല്ല
16	ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	44654
17	സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം	നിയോ എനർജി
18	സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക	173400
19	ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക	47500
20	തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം	Mcf-1, Mini Mcf -21, RRF -ഇല്ല

1-27 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകം

പ്രോജക്ട് നമ്പർ	S0 71/24
പ്രോജക്ടിന്റെ പേര്	ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
അടങ്കൽ	200000 വികസന ഫണ്ട് ജനറൽ
ചെലവ്	97200
ബിൽ നമ്പർ	95/13.09.2023
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പഞ്ചായത്തിലെ ശാരീരിക വൈകല്യമുള്ള ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കൾക്ക് ചുവടെ പറയുന്ന പ്രകാരം സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുണ്ടെങ്കിലും അർഹതപ്പെട്ട മുഴുവൻതുകയും പദ്ധതി പ്രകാരം അനുവദിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നം	അനുവദിച്ച തുക	പഠിക്കുന്ന ക്ലാസ്	അനുവദിക്കാവുന്ന തുക
AKASH.P	5515109000044	5400	10 Nt Std	8000
Al Rifan M S	37296768389	3600	4th Std	5300
ANJANA L A	67372641502	4500	8th Std	6600
ASHNA.S	102501000017286	4500	6th Std	6600
ASIYA J S	36301000032726	9000	MA	13500
ASNA.A	67285624584	5400	Plus One	8000
ASWATHY.A.S	102501000016310	5400	Plus Two	8000

Aswin.A.S.	6644308623	3600	3rd Std	5300
Devatheertha S C	38851358625	4500	5th Std	6600
FATHIMA H	3586101007252	9000	CET School Of Management Ist Yr	13000
Muhammed Hafiz. I	37943897899	3600	3rd Std	5300
Muhammed Rashid J	67287548940	5400	Plus One	8000
NAFIYA S R	17350100096593	3600	2 Nd Std	5300
SANDRA.S.RATHEESH	102501000016990	5400	10 Nt Std	8000
Shabnam A	67179147363	9000	Buds School	13500 വൊക്കേഷണൽ പരിശീലനം ലഭിക്കുന്നുണ്ടെങ്കിൽ
SIVANI V S	40340101065457	5400	10 Nt Std	8000
Sreeraj S	67203169368	5400	9nth Std	8000
VAIGA S R	37275213456	4500	6th Std	6600
	ആകെ	97200		

2) മേൽ പട്ടികയിലെ അശ്വിൻ എന്ന ഗുണഭോക്തവിന് സ്കോളർഷിപ്പ് തുക അനുവദിച്ചത് 6644308623 എന്ന അക്കൗണ്ടിലാണ്. എന്നാൽ അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം 17350100100676 ആണ് . ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തന്നെയാണോ തുക അനുവദിച്ചതെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 23/2023-24, 11.12.2024) മറുപടി ലഭ്യമാക്കിയില്ല.

ആനുകൂല്യം പൂർണമായും അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മറ്റപാകങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അപാകം-

പ്രോജക്ട് നമ്പർ	S0 70/24
പ്രോജക്ടിന്റെ പേര്	സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
അടങ്കൽ	355500 വികസന ഫണ്ട് ജനറൽ 591750 മറ്റ് ബ്ലോക്ക് പഞ്ചായത്ത് 591750 മറ്റ് ജില്ലാ പഞ്ചായത്ത് 328500 തനത് ഫണ്ട്
ചെലവ്	271500 വികസന ഫണ്ട് ജനറൽ 591750 മറ്റ് ബ്ലോക്ക് പഞ്ചായത്ത് 591750 മറ്റ് ജില്ലാ പഞ്ചായത്ത്
ബിൽ നമ്പർ	96 13/09/2023- 270000 158 08/11/2023 – 270000 159 08/11/2023 – 270000 196 01/12/2023- 321750 197 01/12/2023- 321750 428 13/03/2024 - 1500
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ

സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 18,67,500/- രൂപ വകയിരുത്തുകയും 14,55,000/- രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.115/2022/LSGD, തീയതി 28.05.2022 7.1.6 ലെ മാർഗ നിർദ്ദേശം പാലിച്ചല്ല പദ്ധതി നടപ്പിലാക്കിയത്. മാർഗരേഖ പ്രകാരം ഡേ സ്കോളർ ആയ ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 28,500/- രൂപ ലഭിക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്യേണ്ടത്. എന്നാൽ പദ്ധതിയുടെ പരിശോധനയിൽ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണമായും അനുവദിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് 27142, 27140 എന്നീ നിരക്കിലാണ് സ്കോളർഷിപ്പ് തുക 23-24 സാമ്പത്തിക വർഷം അനുവദിച്ചത്. നസീമാബീവി എന്ന ഗുണഭോക്താവിന് 15000 രൂപയും മുഹമ്മദ് റാഫി എന്ന ഗുണഭോക്താവിന് 1500/- രൂപയും മാത്രമാണ് അനുവദിച്ചത്.

2)നസീമാബീവി എന്ന ഗുണഭോക്താവിന് 15000/- രൂപ 2023-24 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയും അനുബന്ധരേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

3) അഭിരാമി എ, എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് നം 1105184705 പ്രകാരം തദ്ദേശ സ്ഥാപനം നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്നും പ്രസ്തുത ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും ടിയാൾക്ക് പാങ്ങോട് പഞ്ചായത്ത് മുഖേന ആനുകൂല്യം നൽകാനുണ്ടായ സാഹചര്യത്തെക്കുറിച്ചും വ്യക്തമാക്കിയിട്ടില്ല.

4) അൽഫിയ ഫാത്തിമ എന്ന ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്ക് രേഖകൾ പ്രകാരം സാംഖ്യ ബിൽ പ്രകാരമുള്ള അക്കൗണ്ട് നമ്പരായ 20741200431589 (കേരള സ്റ്റേറ്റ് കോ-ഓപറേറ്റീവ് ബാങ്ക്) എന്നത് തിരുത്തി 107112301010609 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന് പഴയ അക്കൗണ്ടിൽ തന്നെയാണ് തുക (27142 രൂപ) അനുവദിച്ചത്. ഗുണഭോക്താവിന് തുക ക്രഡിറ്റ് ആയതിന്റെ ബാങ്ക് പാസ് ബുക്ക് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

5) മുഹമ്മദ് ഫൈസൽ എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ സാംഖ്യ ബിൽ പ്രകാരം 102501000018682 എന്നാണ്. എന്നാൽ അപേക്ഷ പ്രകാരം Ac No -102501000023346 ആണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം.22/2023-24, 11.12.2024) മറുപടി ലഭ്യമാക്കിയില്ല.

ആനുകൂല്യം പൂർണമായും അനുവദിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മറ്റപാകങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 വിവിധ കലാകായിക പദ്ധതി- അപാകങ്ങൾ

പ്രോജക്ട് നമ്പർ	S0 78/24	S0 73/24	S0 79/24
പ്രോജക്ടിന്റെ പേര്	ഭിന്നശേഷി കുട്ടികളുടെ കലാകായിക മത്സരം	അങ്കണവാടി കുട്ടികളുടെ കലാകായിക മത്സരം	വയോജന സംഗമം
അടങ്കൽ	75000 വികസന ഫണ്ട് ജനറൽ	15000 വികസന ഫണ്ട് ജനറൽ	250000 വികസന ഫണ്ട് ജനറൽ
ചെലവ്	34410	15000	133610
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ പദ്ധതികൾ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും ബാങ്ക് പാസ്ബുക്ക് രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)വയോജന കലാമേളയിലെ ബാനർ തയ്യാറാക്കിയ ഇനത്തിലെ തുകയായ 450/- രൂപ ശ്രീ വിജയന് അനുവദിച്ചത് അങ്കണവാടി കുട്ടികളുടെ കലാകായിക മത്സരം എന്ന പദ്ധതി പ്രകാരമാണ് (വിജയ് ഗ്രാഫിക്സ് ഇൻവോയിസ് നം 740/dtd Nil).

3)വയോജന സംഗമം എന്ന പദ്ധതി പ്രകാരം വയോജന കലാമേള, വയോജനങ്ങളുടെ വിനോദയാത്ര എന്നിവയാണ് നടപ്പിലാക്കിയത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)115/2022/ധന.തീയതി.28/05/22) ഖ.7.1.14 ൽ വയോജന സൗഹൃദ പരിപാടികൾ എത്തരത്തിലുള്ളതായിരിക്കണമെന്ന് വിശദമാക്കുന്നുണ്ട്. ഇത് പ്രകാരം പകൽ വീടുകൾ വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ അപ്രകാരമുള്ള പദ്ധതിയല്ല നടപ്പിലാക്കിയത് .

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന്(ഓഡിറ്റ് എൻക്വയറി നം.21/2023-24, 11.12.2024) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതികൾ പ്രകാരം തുക കൈമാറിയവരുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, തുക അനുവദിച്ച സാംഖ്യ ബില്ലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്. മറ്റപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 ഘടക സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ - ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പദ്ധതി നം.	125/ 24
പ്രോജക്ടിന്റെ പേര്	ഘടക സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	6,50,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	5,00,000/-
ബിൽ നം .	20/ 31-05-2023 - 250000 38/ 23-06-2023- 150000 340/ 19-01-2024- 100000

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതി വഴി 5,00,000/- രൂപ ഓഫീസ് ചെലവുകൾക്കായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അനുബന്ധ ബില്ലുകൾ/വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൈപ്പറ്റിയ തുക
മെഡിക്കൽ ഓഫീസർ PHC	150000
കൃഷി ഓഫീസർ	50000
മെഡിക്കൽ ഓഫീസർ, ഹോമിയോ	50000
ICDS സൂപ്പർ വൈസർ	100000
വെറ്ററിനറി സർജൻ	50000
മെഡിക്കൽ ഓഫീസർ PHC	100000

മുഴുവൻ ചെലവ് രേഖകളും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 18/10-12-2024 വഴി ആവശ്യപ്പെട്ടതിനെ തുടർന്ന് മെഡിക്കൽ ഓഫീസർ PHC, കൃഷി ഓഫീസർ എന്നിവർ ചെലവ് രേഖകൾ ഹാജരാക്കിയെങ്കിലും മെഡിക്കൽ ഓഫീസർ -ഹോമിയോ , ICDS സൂപ്പർ വൈസർ, വെറ്ററിനറി സർജൻ എന്നിവർക്കായി നൽകിയ തുകയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ബിൽ നം.20/31-05-2023, 38/23-06-2023 എന്നിവ പ്രകാരം നൽകിയ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ വിനിയോഗ ശേഷം അവശേഷിച്ച തുക വർഷാവസാനത്തിൽ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 GST ബിൽ ഇല്ലാതെ GST ഇനത്തിൽ തുക നൽകി.26,456/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതി നം.	6/24
പ്രോജക്ടിന്റെ പേര്	ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	2,20,000/- ധനകാര്യ കമ്മിഷൻ അവാർഡ്
ചെലവ്	1,73,432/-
ബിൽ നം .	577/ 27-03-2024 - 173432

ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്ന നിയോ എനർജി എന്ന ഹരിത സഹായ സ്ഥാപനത്തിന് 8 മാസത്തെ കൺസൾട്ടൻസി ഫീസായി 1,73,432/- രൂപ (21679x 8) സ്ഥാപനം ലഭ്യമാക്കിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/3/2020 ലെ 33 1/ സി 5/2019 /എസ് എം ഉത്തരവിൽ ഹരിത സഹായ സ്ഥാപനത്തിന് പ്രതിമാസം 21,679/- രൂപ അനുവദിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും CONSULTING FEE, TRAVEL AMOUNT, OFFICE EXPENDITURE എന്നീ ഇനങ്ങളുടെ GST AMOUNT കൂടി ഉൾപ്പെടെയുള്ള തുകയാണിത്. സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ബില്ലുകളിൽ GST നമ്പർ രേഖപ്പെടുത്തുകയോ GST തുക രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന് GST തുക ഈടാക്കാൻ അർഹത ഉണ്ടോ എന്നതിൽ വ്യക്തതയില്ല.
മേൽ ഉത്തരവ് പ്രകാരം അനുവദനീയമായ ഫീസ് ചുവടെ ചേർക്കും വിധമാണ്.

CONSULTING FEE			TRAVEL AMOUNT			OFFICE EXPENDITURE			GRAND TOTAL
ACTUAL FEE WITHOUT GST GST AMOUNT	GST AMOUNT	TOTAL CONSULTANT FEE	TRAVEL AMOUNT WITHOUT GST	GST AMOUNT	TOTAL TRAVEL AMOUNT	OFFICE EXPENDITURE WITHOUT GST	GST AMOUNT	TOTAL OFFICE EXPENDITURE	
12712	2288	15000	4600	828	5429	1059	191	1250	21679

ഇത് പ്രകാരം GST ഇനത്തിലെ ആകെ തുക 3,307/- രൂപയാണ് (2288+828+191).
നിയോ എനർജി എന്ന സ്ഥാപനത്തിന്റെ GST രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, പഞ്ചായത്ത് നൽകിയ കൺസൾട്ടൻസി ഫീസിൽ നിന്നും GST തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.18/ 10-12-2024 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ GST ബില്ലിന്റെ അഭാവത്തിൽ GST ഇനത്തിൽ സ്ഥാപനത്തിന് നൽകിയിരിക്കുന്ന 26,456/- രൂപ (3307 X 8) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. GST സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ സ്ഥാപനത്തിൽ നിന്നും വാങ്ങി അറിയിക്കുകയോ നികുതി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. GST സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ സ്ഥാപനത്തിൽ നിന്നും വാങ്ങി സമർപ്പിക്കാതിരിക്കുകയും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം തടസ്സപ്പെടുത്തുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

1-32 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 3,00,356/- രൂപ തടസ്സപ്പെടുത്തുന്നു

2023 - 24 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/10-12-2024 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ചുവടെ ചേർക്കും വിധം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

ക്രമ നം	പദ്ധതി	അടങ്കൽ	ചെലവ്	ബിൽ നം .	ഓഡിറ്റ് നിരീക്ഷണം	തടസ്സപ്പെടുത്തുന്ന തുക
1	229/24 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് തുക കൈമാറൽ	65000 വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	65000	341/ 19-01-2024	ഗ്രാമ പഞ്ചായത്തിലെ 2 കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി 65000 രൂപ മേൽ പദ്ധതി മുഖേന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭിച്ചിട്ടില്ല ..	65000
2	126/24 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	251992 (1992 - ധനകാര്യ കമ്മിഷൻ അവാർഡ്, 250,000 തനത് ഫണ്ട്)	176835 (തനത് ഫണ്ട്)	82/17-08-23-43034 115/4-10-23-18091 263/26-12-23- 15303 350/20-01-2024-22294 561/26-03-2024-78113	2023-24 വർഷം വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിലേക്കായി 1,76,835/- രൂപ KSEB ക്ക് കൈമാറിയിട്ടുണ്ടെങ്കിലും 80,631/- രൂപയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 96,204/- രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റ് എൻക്വയറി നം. 18 വഴി ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.	96204
3	4/24 IKM	139152 വികസന	139152	80/ 17-08-2023	IKM വിഹിതം നൽകൽ എന്ന	139152

	വിഹിതം നൽകൽ	ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം			പദ്ധതി മുഖേന 2023-24 സാമ്പത്തിക വർഷം 1,39,152/- രൂപ IKM ന് കൈമാറിയിട്ടുണ്ടെങ്കിലും ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല	
ആകെ						300356

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക കൈമാറി. 11,962/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പദ്ധതി നം.	3/24
പ്രൊജക്ടിന്റെ പേര്	പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	250000 വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം
ചെലവ്	194599
ബിൽ നം /തുക	2/ 08-05-2023-23275 18/ 31-05-2023-58100 84/ 21-08-2023- 16275 348/ 20-01-2024-16275 460/ 21-03-2024-43212 461/ 21-03-2024-37462

2023 - 24 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്ന പദ്ധതി വഴി ആകെ 1,94,599/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് 21-10-2023 ലെ കേരള കൗമുദി പത്രത്തിൽ ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ 11,962/- രൂപ 21/10/2023 ലെ BLTVM00412378 നമ്പർ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ പത്രത്തിന് ബിൽ നം.348/20-01-2024 വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 461/21-03-2024 എന്ന ബിൽ വഴി വീണ്ടും തുക അനുവദിച്ചിരിക്കുന്നതായി കാണുന്നു. ഒരേ പത്രത്തിന്റെ കോപ്പികളാണ് രണ്ട് ബില്ലിനൊപ്പവും സൂക്ഷിച്ചിരിക്കുന്നത്.

(BRN 23020352018401100529 Dt 20-1-2024, BRN 23020352018401429676 Dt. 21-3-2024) ഒരേ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 2 തവണ തുക നൽകിയത് കാരണം 11,962/- രൂപ അധികമായി കേരള കൗമുദിക്ക് കൈമാറിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.18 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അധികമായി കേരള കൗമുദി പത്രത്തിന് നൽകിയിരിക്കുന്ന തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾ

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	1220121	240000	143/24 ലൈഫ് പി.എം.എ്.വൈ പ്രോജക്ട് ജനറൽ	240000	1720121
		591750	70/24 സ്നേഹസ്പർശം	591750	
		500000	-	0	
ആകെ	1220121	1331750		831750	1720121
ജില്ലാ പഞ്ചായത്ത്	723574	56000	97/24, ഹരിതഭവനം	56000	723574
		80000	100/24 ലൈഫ് പി.എം.എ് വൈ ജനറൽ	80000	
		591750	70/24 സ്നേഹസ്പർശം	591750	
		49806	42/24 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി	49806	
ആകെ	723574	777556		777556	723574

4-2 നിക്ഷേപ പ്രവൃത്തികൾ

നിർവഹണ	മുൻ	2023-24

ഏജൻസി	ബാക്കി	പ്രോജക്ട് നം, പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ആകെ തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	ബാക്കി തുക
കേരള വാട്ടർ അതോറിറ്റി	2602249	-	-	-	-	2602249
കെ.എസ്.ഇ.ബി	204135	126/24, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	176835	380970	-	204135*
പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ്	310013	-	-	310013	-	310013

* 126/24, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	ആകെ	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	31169463	7290000	38459463	3821755	34637708

4-5 സ്ഥിര നിക്ഷേപം

FD നമ്പർ	തുക	പലിശ നിരക്ക്	നിക്ഷേപ തീയതി	മെച്യൂരിറ്റി തീയതി	ബാങ്ക്
17350300027547	10000000	7.25%	21/07/2023	21.10.2024	ഫെഡറൽ ബാങ്ക്

4-6 ഓഡിറ്റ് റിക്കവറി

ക്രമ നം.	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രസീത് നം./തീയതി
1	2020-21	1-24	336	ഷിയാസ്.എച്ച്	1230400716/06.06.2023

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-04	3-7			VEO 10,59,000/-രൂപയുടെ ക്രമക്കേട് - ചെലവ് തടസ്സപ്പെടുത്തി.	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

മുന്നിരിപ്പ്	33389414
ഓഡിറ്റ് വർഷത്തെ വരവ്	75711873
ആകെ	109101287
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	77885459
നീക്കിയിരിപ്പ്	31215828
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	11962
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1266412

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3 -1	11962	ശ്രീ മണികണ്ഠൻ ജി (സെക്രട്ടറി)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	7,31,600		ഡോ.രാജീവ്. (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി)
1-25	8,000		ശ്രീമതി ശ്രുതി എ.എസ്, കൃഷി ഓഫീസർ
1 -30	2,00,000		ശ്രീമതി എ.വി. അജിത കുമാരി (സെക്രട്ടറി)
1 -31	26,456		ശ്രീ. മണികണ്ഠൻ ജി. (സെക്രട്ടറി)
1-32	3,00,356	2,22,243	ശ്രീ.മിഥുൻ കൈലാസ്.സി.എ.

			(സെക്രട്ടറി)
		78,113	ശ്രീ. മണികണ്ഠൻ ജി (സെക്രട്ടറി)
ആകെ	12,66,412		

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.രാജീവ്.(മെഡിക്കൽ ഓഫീസർ, PHC)	മെഡിക്കൽ ഓഫീസർ (PHC), പാങ്ങോട് ഗ്രാമപഞ്ചായത്ത്	ചെറുകുന്ന് വിളാകം വീട്, മലയിൻകീഴ്
ശ്രീമതി എ.വി.അജിത കുമാരി (സെക്രട്ടറി)	സെക്രട്ടറി, മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല	വത്സലാ ഭവൻ, കീഴത്തോട്ടം പരശുവയ്ക്കൽ പാറശ്ശാല പി ഒ
ശ്രീ. മണികണ്ഠൻ ജി. (സെക്രട്ടറി)	അക്കൌണ്ട്സ് ഓഫീസർ, കൊല്ലം കോർപ്പറേഷൻ	ചിഞ്ചൂസ്, റ്റി.സി. 41/2837/1 അരയല്ലൂർ, തിരുമല , തിരുവനന്തപുരം 695006
ശ്രീ. മിഥുൻ കൈലാസ് സി.എ. (സെക്രട്ടറി)	സീനിയർ സൂപ്രണ്ട്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	പറമ്പുകണ്ടത്തിൽ വീട്, പയ്യനാട് അടയമൺ പി.ഒ. കിളിമാനൂർ
ശ്രീമതി ശ്രുതി എ.എസ് (കൃഷി ഓഫീസർ)	കൃഷി ഓഫീസർ, പാങ്ങോട് ഗ്രാമപഞ്ചായത്ത്	ശ്രുതിലയം, പരപ്പിൽ, മുതുവിള പി.ഒ

<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2001-02	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2002-03	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2003-04	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2004-05	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	2
2005-06	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	0
2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	2
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	14
2011-12	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	12
2012-13	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	4
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	5
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	4
2015-16	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	6
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	13
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/2330/2018 തീയതി. 20.10.2018	34
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020 തീയതി. 06.10.2020	34
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1954/2021 തീയതി.08.02.2022	35
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/903/2022 തീയതി. 30.06.2022	39
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/273/2023 തീയതി. 27.03.2023	56
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/1822/2023 തീയതി. 26.12.2023	56

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/10 dated 1/10 dated 11-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pangode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pangode Grama Panchayat as on 31-03-2024

Date: 23/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pangode Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2)In the Cash Flow Statement, the amount "Net Cash Generated -Grand Total" (19652388) does not match the amount "Net Increase / (Decrease) In Cash and Cash Equivalents" (2173586).

3) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2023-24, the value of Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is shown as zero.

4) Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available for audit along with the annual accounts.

5) On verification of bank accounts and reconciliation statements, the following cheques have not been credited (Cash or check deposited) till date.

Bank	Voucher No/date	Instrument no./Date	Amount
INDIAN OVERSEAS BANK BHARATHANOOR (102501000026514)	1230401075 / 29.07.2023	457283/ 22-07-2023	96000/-
SUB TREASURY, NEDUMANGAD NEDUMANGAD (799013000000976)	12115900041 / 31-03-2022	5438/ 14-07-2021	47,980/-
	1211509000042/ 31-03-2022	553231/ 31-08-2021	15,240/-
State Bank of India PANGODE (37376488654)	1220000277/31-03-2023	111/ 31-03-2023	1,960.00

6)"The stale cheque (038688/24-01-2019 dtd 1000/-, DISTRICT CO-OPERATIVE BANK DCB, PANGODE- 107112804000017), which remained uncashed for more than three-year period, was not transferred to the income account.

7) The balance as per the bank book for the Indian Overseas Bank account (102501000009541) as on 31.03.2024 is Rs. 4030/-, however, the bank book balance has been reconciled considering the balance as Rs.207/-

8) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2023-24.

9) The bank books for the following accounts reflect credit balances for different time periods. Details given below.

Account	period
Indian Overseas Bank (102501000009541)	04.08.2023 to 30.03.2024
INDIAN OVERSEAS BANK (102501000025872)	02.01.2024 to 30.03.2024

10) Balance Sheet B - 2 Schedule Head Code 311100101 The balance of the Panchayat Distress Relief Fund is Rs. ÂÂ38550/-), whereas the corresponding balance in the DISTRICT CO-OPERATIVE BANK account 10711280400001712807 is Rs.21255/-only.

11) The balances as per the Annual Financial Statement (B-4 Schedule) for various grants do not match the balances in the Bank Book (B-17 Schedule). The details of the discrepancies are as follows:

Grant	Balance as per 2023-24 Balance Sheet (B-4 Schedule)	Balance as per Bank Book (B-17 Schedule)
CFC	12137061 (Basic- 4153581, Tied - 7983480)	**12319811**
Health Grant towards conversion of PHCs and subcentres in health and wellness centres	165294	167459
Health Grant towards support for diagnostic infrastructure to the PHCs	12115	15929

12) As per the income & expenditure statement, expenses (221,879,643) have been booked more than the income amount (218,154,001).

13) For the financial year 2023-24, the Assistant Engineer has implemented capital works activities where part bills were paid, but the equivalent amount spent on asset creation for the following projects has not been included in the Capital Work in Progress B11(b) schedule. The details of the projects and expenses mentioned are as follows:

Project No./ Name	Amount	Fund
122/24, MCF Facility Setup	562,636	Financial Commission Award
210/24, Pangode Market Liquid Waste Management	384,004	Centrally Sponsored Fund

14) For Project No. 126/24, an amount of Rs.176,835 was deposited in KSEB for electric post shifting, but it was accounted directly as an expense, instead of booking it under the head advances.

15) Amount spent for creating assets, as per Project No. 76/24 for purchasing furniture for Anganwadis, (Rs. 4,06,529/-) was erroneously booked under the revenue head (251170104 - Anganwadi Related Services).

16) Various revenue amounts in the Gram Panchayat are not being recorded under the appropriate heads. For example, Rs.3,823/-, which should have been recorded under the head code 171100101 - Interest from Bank Accounts, was instead recorded under head code 140200101 - Penalties and Fines - Penal Interest (Receipt No. 1230000261, dated 31.03.2024)

17) The administrative expenses and balance details as per the MGNREGS cash book do not match with the annual financial statement.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്